# ശബ്ദാവലി

## അ

**അനന്യാസ്** അപ്പൊ. പ്രവ.യിൽ ഇതേ പേരുള്ള മൂന്നു പേരുണ്ട്. 5:1, 23:2 എന്നിവ വായിച്ചാൽ മറ്റു രണ്ടുപേരെ ക്കുറിച്ചറിയാം

**അവിവാഹിത** അഥവാ "വിവാഹം നിശ്ചയിക്കപ്പെട്ടവൾ." പുരാതനകാലത്ത് യിസ്രായേലിൽ വിവാഹനിശ്ചയം കഴിഞ്ഞ സ്ത്രീയെ സംബന്ധിച്ച നിയമങ്ങൾ വിവാഹം കഴിഞ്ഞ സ്ത്രീയെ സംബന്ധിച്ച നിയമങ്ങൾ പോലെയായിരുന്നു.

**അഭിഷേകതൈലം** ശുദ്ധമായ ഒലിവെണ്ണ. ഇത് ഏതെങ്കിലും വ്യക്തിയുടെയോ വസ്തുവിൻെറയോമേൽ തളിച്ച് ആ വ്യക്തിയോ വസ്തുവോ ഒരു പ്രത്യേക ദൗത്യത്തിനായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നുവെന്നു കാണിക്കുന്നു.

**അഖായ** കൊരിന്ത് സ്ഥിതി ചെയ്യുന്ന ഗ്രീസിൻെറ തെക്കൻ പ്രദേശം.

**അബ്ബാ** എന്ന പദത്തിന് അരാമ്യഭാഷയിൽ "അപ്പാ" എന്ന ർത്ഥം

**അംഗഛേദനം** പുരുഷൻെറ ലൈംഗികാവയവങ്ങൾ മുറിച്ചു കളയുക. "പരിഛേദനം" പോലെ തന്നെയായതിനാൽ പൌലൊസ് ഈ വാക്ക് ഉപയോഗിക്കുകയാണ്. വ്യാജഉപദേശകരെക്കുറിച്ച് പൌലൊസ് വളരെ ഉത്കണ്ഠാകുലനായിരുന്നു.

**അരാരാത്** അഥവാ "ഉരാർത്തു." കിഴക്കൻ തുർക്കിയിലെ ഒരു പ്രദേശം.

**അബ്രാം** "ബഹുമാന്യപിതാവ്" എന്നർത്ഥം.

**അബ്രാഹാം** "മഹാപിതാവ്" എന്നോ "അനേകരുടെ പിതാവ്" എന്നോ അർത്ഥം.

**അല്ലോൻ ബാഖൂത്ത്** "വ്യസനത്തിൻെറ ഓക്കു മരം" എന്ന ർത്ഥം.

**അസസ്സേൽ** അഥവാ "ബലിമൃഗം." ഈ നാമത്തിൻെറ അഥവാ വാക്കിൻെറ അർത്ഥം അജ്ഞാതമാണ്. ആട് ജനങ്ങളുടെ പാപത്തെ കൊണ്ടുപോയി എന്നർത്ഥം.

**അമ്പതാം സംവത്സരം** ഈ സമയത്തു മുഴക്കുന്ന കൊമ്പ് എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്ന എബ്രായപദത്തിൽ നിന്നുണ്ടായത്.

**അരാമ്യൻ** പ്രാചീനസിറിയയിലെ ഒരു വ്യക്തി. ഇവിടെ അത് അബ്രാഹാമോ യിസ്ഹാക്കോ യാക്കോബോ (യിസ്രായേൽ) ആയിരിക്കാം.

**അമാവാസി** യെഹൂദമാസത്തിൻെറ ആദ്യദിവസം. ആരാധനയ്ക്കായുള്ളൊരു വിശിഷ്ടദിനമാണിത്.

**അനാക്യർ** ഉയരം കൂടിയവരും ശക്തരുമായ പടയാളികളുടെ പ്രസിദ്ധ കുടുംബം. അനാക്കിൻെറ പിൻഗാമികൾ. സംഖ്യ. 13:33 കാണുക.

**അഭിഷേകതൈലം** മനുഷ്യരുടെയോ വസ്തുക്കളുടെയോമേൽ ഒഴിക്കുന്ന ഒലീവ് എണ്ണ. അവരെ ഒരു പ്രത്യേക ജോലിക്കായോ കാര്യത്തിനായോ തെരഞ്ഞെടുത്തിരിക്കുന്നു എന്നിതു കാണിക്കുന്നു.

**അതിവിശുദ്ധസ്ഥലം** വിശുദ്ധകൂടാരത്തിൽ വിശുദ്ധപെട്ടകമിരിക്കുന്ന സ്ഥലം.

**അനിഷ്ടകരമായ രഹസ്യം** "അവളെക്കുറിച്ച് ലജ്ജാകരമായ ഒരു കാര്യം കണ്ടുപിടിക്കുക" എന്നർത്ഥം.

**അക്കാസ്യ** അഥവാ "ശിത്തീം." യോർദ്ദാൻനദിക്കു കിഴക്കുള്ള ഒരു പട്ടണം.

**അബ്ദോൻ** അഥവാ "എസ്രോൻ."

**അസ്തോരെത്ത്** മനുഷ്യർക്കു കുഞ്ഞുങ്ങളുണ്ടാകാൻ ഈ ദേവത സഹായിക്കുമെന്ന് കനാന്യർ കരുതിയിരുന്നു. അവരുടെ സ്നേഹത്തിൻെറയും യുദ്ധത്തിൻെറയും ദേവതയാണവൾ.

**അരാം നഹാരയീം** ടൈഗ്രീസ്, യൂഫ്രട്ടീസ് നദികൾക്കിടയിൽ വടക്കൻ സിറിയയിലുള്ള പ്രദേശം.

**അനാത്ത്** കനാന്യരുടെ ഒരു യുദ്ധദേവത. ഇവിടെ അത് ശംഗരിൻെറ പിതാവോ മാതാവോ ആയിരിക്കാം. അഥവാ, "ശംഗർ എന്ന മഹാസേനാനി" എന്നോ "അനാത്ത് പട്ടണത്തിലെ ശംഗർ" എന്നോ അർത്ഥമായിരിക്കാം.

**അനാത്തിൻെറ പുത്രനായ ശംഗർ** യിസ്രായേലിലെ ഒരു ന്യായാധിപൻ. ന്യായാ. 3:31.

**അശേരാ** പ്രമുഖ കനാന്യദേവത. ഏലിൻെറ ഭാര്യയോ ബാലിൻെറ കാമുകിയോ ആണിവളെന്ന് ജനം കരുതി.

**അമാവാസിസദ്യ** യെഹൂദമാസത്തിൻെറ ഒന്നാം തീയതി. ഇതൊരു വിശേഷവിശ്രമദിനവും വിശേഷ ആരാധനാദിനവുമാണ്. ജനങ്ങൾ ഒരു മിച്ചുകൂടുകയും ലേവ്യ. 7:16-21-ൽ വിവരിക്കുമ്പോലുള്ള സമാധാനബലികൾ പങ്കുവയ്ക്കുകയും ചെയ്യുന്നു.

**അസ്കെലോൻ** അഞ്ചു ഫെലിസ്ത്യനഗരങ്ങളിലൊന്ന്.

**അഹരോൻ** യിസ്രായേലിൻെറ ആദ്യത്തെ ഉന്നതപുരോഹിതൻ. മോശെയുടെ സഹോദരൻ.

**അന്തിമദിനം** ഇത് കർത്താവിൻെറ വരവിൻെറ ദിവസത്തെ കുറിക്കുന്നു.

**അഭിഷേകം ചെയ്യുക** ഒരു വ്യക്തിയുടെ തലയിൽ ഒലീവ് എണ്ണ ഒഴിച്ച് അയാളെ ദൈവം തെരഞ്ഞെടുത്ത രാജാവോ പുരോഹിതനോ പ്രവാചകനോ ആക്കുന്ന പ്രക്രിയ.

**അമാവാസി** എബ്രായമാസത്തിൻെറ ഒന്നാം തീയതി. ഈ ദിവസം ദൈവത്തെ ആരാധിക്കാൻ പ്രത്യേകസമ്മേളനങ്ങൾ ചേരാറുണ്ട്.

**അശേരാതൂണുകൾ** അശേരാദേവതയെ ആദരിക്കാനുള്ള തൂണുകൾ. അനവധി കുട്ടികളുണ്ടാകാൻ അവൾ സഹായിക്കുമെന്നു ജനങ്ങൾ കരുതിയിരുന്നു.

**അരാമ്യ** ബാബിലോൺസാമ്രാജ്യത്തിലെ ഔദ്യോഗിക ഭാഷ.

**അവരുടേതൊന്നും ആവശ്യപ്പെടരുത്** അവരുമായി യാതൊരു ഇടപാടും പാടില്ല എന്നു വാച്യാർത്ഥം.

**അമാവാസ്യ ഉത്സവം** യെഹൂദമാസത്തിൻെറ ആദ്യദിവസം. അന്ന് ആരാധനയ്ക്കായി വിശേഷസഭകൾ പതിവുണ്ടായിരുന്നു.

**അവകാശം** ദൈവം തൻെറ കുടുംബത്തിനു നൽകിയ രാജ്യത്തിൽ ഓരോ യെഹൂദനുമുള്ള സ്ഥലം എന്നായിരിക്കാം ഇതിനർത്ഥം. “എൻെറ വൃക്കകൾ” എന്ന് വാച്യാർത്ഥം.

**അമ്പുകൾ** അതായത് “മിന്നൽ.”

**അതിവിശുദ്ധസ്ഥലം** വിശുദ്ധകൂടാരത്തിലെ ഏറ്റവും പ്രധാനസ്ഥലം, അഥവാ സാക്ഷ്യപെട്ടകം വച്ചിരിക്കുന്ന ദൈവാലയം. ദൈവം യിസ്രായേലിലെ രാജാവായി ഇരുന്ന ഒരു സിംഹാസനം പോലെയാണിത്.

**അമാവാസി** എബ്രായമാസത്തിൻെറ ഒന്നാം തീയതി. അന്ന് ദൈവത്തെ ആരാധിക്കാൻ പ്രത്യേകസമ്മേളനങ്ങളുണ്ട്.

**അമ്മോനിലെ രബ്ബ** അമ്മോന്യരുടെ തലസ്ഥാനനഗരം.

**അമ്മോര്യർ** യിസ്രായേലുകാർ കനാനിലെ ത്തുന്നതിനുമുമ്പ് അവിടെ വസിച്ചിരുന്ന ഒരു ജനവിഭാഗം. മോശെ യിസ്രായേലു കാരെ മരുഭൂമിയിലൂടെ നയിച്ചപ്പോൾ അവരെ ഭയപ്പെടുത്തിയ ജനമാണവർ. സംഖ്യാ. 13:33 കാണുക.

## ആ

**ആസ്യ** ആസ്യാമൈനറിൻെറ പടിഞ്ഞാറൻ ഭാഗം.

**ആലയം** ചില കൈയെഴുത്തു പ്രതികളിൽ “ദൈവത്തിൻെറ ഭവനം” എന്നു കാണുന്നു.

**ആഴ്ചയുടെ ആദ്യദിവസം** “ഞായറാഴ്ച” യെഹൂദർക്കിത് ശനിയാഴ്ച സൂര്യനസ്തമിക്കുമ്പോൾ തുടങ്ങും. എന്നാൽ ലൂക്കൊസ് ഗ്രീക്കു സമയമാണ് അനുസരിക്കുന്നതെങ്കിൽ സമ്മേളനം നടന്നത് ഞായറാഴ്ച രാത്രിയിലായിരിക്കണം.

**ആമേൻ** ഒരാൾ “ആമേൻ” എന്നു പറഞ്ഞാൽ അതിനർത്ഥം, താൻ കേട്ട കാര്യങ്ങൾ അയാൾ അംഗീകരിച്ചു എന്നാണ്.

**ആണിക്കല്ല്** “മൂലക്കല്ല്” എന്നർത്ഥം. ഒരു കെട്ടിടത്തിലെ ആദ്യത്തേതും ഏറ്റവും പ്രധാനപ്പെട്ടതുമായ കല്ല്.

**ആദ്യമാസം** യെഹൂദകലണ്ടറിലെ ആദ്യമാസമായ നീസാൻ. മാർച്ച്-ഏപ്രിൽ മാസങ്ങളിലായി വരുന്നു.

**ആശേർ** “അനുഗ്രഹിക്കപ്പെട്ടവൻ” എന്നോ “ആഹ്ലാദം” എന്നോ ഈ പേരിനർത്ഥമാകാം.

**ആലയം** യെഹൂദരുടെ ആരാധനയ്ക്കായി യെരൂശലേമിലുള്ള പ്രത്യേക മന്ദിരം.

**ആവെൻ താഴ്വര** “വിശ്രമതാഴ്വര” എന്നോ “ദൗർഭാഗ്യത്തിൻെറ ശൂന്യതാഴ്വര” എന്നോ ഈ പേരിനർത്ഥം വരാം.

**ആബീബ്** “ധാന്യക്കതിരുകൾ” എന്നർത്ഥം. യെഹൂദാ കലണ്ടറിലെ ആദ്യമാസം. നീസാൻ എന്നും പേരുണ്ട്. മാർച്ച്-ഏപ്രിൽ മാസങ്ങൾ തന്നെയാണിത്.

**ആഖാർ** അഥവാ “ആഖാൻ.” യോശു. 7:11 കാണുക.

**ആഖോർ** “കുഴപ്പം” എന്നർത്ഥം.

**ആദാം** “മനുഷ്യൻ” അല്ലെങ്കിൽ “ജനങ്ങൾ” എന്നാണ് ഈ വാക്കിനർത്ഥം.

**ആദ്യജാതൻ** ഒരു പക്ഷെ ഇതിൻെറ അർത്ഥം ദൈവത്തിൻെറ മഹത്വം ആദ്യം പങ്കുവച്ചത് ക്രിസ്തുവാണ് എന്നാകാം.

**ആമേൻ** "സത്യമായും," "അതു ശരിതന്നെ" എന്നർത്ഥം വരുന്ന ഒരു എബ്രായശബ്ദം. പറഞ്ഞകാര്യങ്ങൾ ഒരാൾ അംഗീകരിക്കുന്നു എന്നിതുകാണിക്കുന്നു.

## ഇ

**ഇരുമ്പായുധം** ബോധപൂർവ്വമാണയാൾ കൊല്ലുന്നതെന്നതിന് തെളിവാണ് ഇരുമ്പായുധം ഉപയോഗിച്ചുള്ള കൊല.

## ഈ

**ഈസോപ്പ്** ശുദ്ധീകരണ ചടങ്ങുകൾക്ക് വെള്ളമോ രക്തമോ തളിക്കാനുപയോഗിക്കുന്ന നേർത്തശാഖകളും ഇലകളുമുള്ള ഒരു ചെടി.

## ഉ

**ഉള്ളറ** "ബാലിന്റെ ആലയത്തിന്റെനഗരം" എന്നു വാച്യാർത്ഥം.

**ഉന്നതസ്ഥലങ്ങൾ** ദൈവത്തെയോ വ്യാജദൈവങ്ങളെയോ ആരാധിക്കാനുള്ള സ്ഥലങ്ങൾ. സാധാരണ കുന്നുകളിലോ പർവ്വതങ്ങളിലോ ആണ് ഈ സ്ഥലങ്ങൾ.

**ഉന്മാദക്കാരൻ** യിരെമ്യാവിനെയാണു ശെമയ്യാവ് ഉദ്ദേശ്ശിക്കുന്നത്. വചനം 27-28 കാണുക.

**ഉപ്പിന്റെ കരാർ** ജനം സൗഹൃദക്കരാർ ഉണ്ടാക്കിയിരുന്ന അവസരങ്ങളിൽ കരാർ ഉറപ്പിക്കുന്നതിനുവേണ്ടി അവർ ഒരുമിച്ച് ഉപ്പുതിന്നുമായിരുന്നു.

**ഉടമ്പടികളും വാഗ്ദാനങ്ങളും** ദൈവം യിസ്രായേൽജനതയു മായുണ്ടാക്കിയ കരാർ. മോശെയുടെ നിയമം ആയിരിക്കാമിത്.

**ഉന്നതപർവ്വതം** "യഹോവയുടെ പർവ്വതം" എന്നു വാച്യാർത്ഥം. സിറിയയിലെ ഒരു വിശിഷ്ടപർവ്വതമോ ദൈവം തന്റെ ദൂതന്മാരുമായി സമ്മേളിക്കുന്ന 'ദൈവത്തിന്റെ പർവ്വതമോ' ആകാം.

## ഊ

**ഊറീം** ദൈവത്തിൽനിന്നുത്തരം ലഭിക്കാൻ പുരോഹിതന്മാർ ഈ കല്ലുകൾ ഉപയോഗിച്ചിരുന്നു. സംഖ്യാ. 27:20-22 കാണുക.

**ഊറീമും തുമ്മീമും** ചോദ്യങ്ങൾക്കുള്ള ദൈവത്തിന്റെ മറുപടിയറിയാൻ പുരോഹിതന്മാരുപയോഗിച്ചിരുന്ന മാർഗ്ഗം. കല്ലുകളോ കമ്പുകളോ അസ്ഥികളോ കൊണ്ട് കട്ടകളുണ്ടാക്കി നറുക്കെറിഞ്ഞാണവർ കാര്യങ്ങൾ നിശ്ചയിച്ചിരുന്നത്.

## എ

**എരിവുകാരൻ 'സേലട്ട്'** ഒരു യെഹൂദരാഷ്ട്രീയവിഭാഗം.

**എബ്രായർ, യിസ്രായേല്യർ** യെഹൂദരുടെ മറ്റു പേരുകൾ.

**എലീയേസെർ** "എന്റെ ദൈവം സഹായിക്കുന്നു" എന്നർത്ഥം.

**എബ്രായർ** അഥവാ "യിസ്രായേലുകാർ." "എബെരിന്റെ പിൻഗാമികൾ" എന്നോ (ഉല്പ. 10:25-31) "യൂഫ്രട്ടീസ്നദിക്കു പടിഞ്ഞാറുനിന്നുള്ളവർ" എന്നോ അർത്ഥം വരാം.

**എഫോദ്** യിസ്രായേലിലെ പുരോഹിതർ ധരിച്ചിരുന്ന പ്രത്യേകതരം അടിയുടുപ്പോ മേൽക്കുപ്പായമോ ആയിരിക്കാമിത് (പുറ. 28).

**എഴുപത്തി രണ്ട്** ചില ഗ്രീക്കു കൈയെഴുത്തുകളിൽ 70 എന്നാണ് കാണുന്നത്.

**എസ്ക്കോൽ** "മുന്തിരിക്കുല" എന്നർത്ഥമുള്ള എബ്രായവാക്കിനു സമം.

**എദോം** യെഹൂദയ്ക്കു തെക്കുകിഴക്കുള്ള ഒരു രാജ്യം. യാക്കോബിന്റെ ഇരട്ടസഹോദരനായ ഏശാവിന്റെ പിൻഗാമികളാണ് എദോമ്യർ.

**എഫ്രയീം** യോസേഫിന്റെ ഇളയപുത്രൻ (ഉല്പ. 45:50-52). യിസ്രായേലിൽ എഫ്രയീമിന്റെകുടുംബം ഒരു ഗോത്രമായിത്തീർന്നു.

**എഫ്രാത്ത്** ബേത്ത്ലഹേം, ദാവീദു ജനിച്ച പട്ടണം.

## ഏ

**ഏശാവ്** "രോമം നിറഞ്ഞ" എന്നർത്ഥം.

**ഏഫോദ്** പുരോഹിതന്മാർ ധരിക്കുന്ന ഒരു പ്രത്യേക വസ്ത്രം. പുറ. 28:6-14.

**ഏൽ** ദൈവം എന്നതിന്റെ എബ്രായവാക്ക്.

**ഏശാവ്** യാക്കോബിന്റെ ഇരട്ടസഹോദരൻ.

**ഏൽബെരീത്ത്** "കരാറിന്റെ ദൈവം" എന്നാണ് ഈ ദേവന്റെ പേരിനർത്ഥം.

**ഏഫോദ്** താനൊരു പുരോഹിതനോ പുരോഹിതന്റെ സഹായിയോ ആണെന്നു കാണിക്കാൻ ഒരുവൻ ധരിക്കുന്ന കുപ്പായം.

**ഏദോം** യിസ്രായേലിനു കിഴക്കും തെക്കുമായുള്ള ദേശം.

**ഏഴു സ്തംഭങ്ങൾ** പ്രാചീന യിസ്രായേലിൽ പല വീടുകൾക്കും ഏഴു തൂണുകൾ കൊണ്ട് മേൽക്കൂര താങ്ങി നിർത്തുന്ന നാലു മുറികളുണ്ടായിരുന്നു. ജ്ഞാനത്തിന് ശക്തമായ അടിത്തറയുള്ള നല്ലൊരു ഭവനമുണ്ടായിരുന്നുവെന്നിതു തെളിയിക്കുന്നു.

### ഒ

**ഒരു നാണയം** ഈ ഒരു വെള്ളി നാണയം ദിനാറിസ്) ഒരു ദിവസത്തെ കൂലിയായിരുന്നു.

**ഒമ്രി** തൻെറ ജനങ്ങളെ വ്യാജദൈവാരാധനയിലേക്കു നയിച്ച ഒരു യിസ്രായേൽരാജാവ്. 1 രാജാ. 16:21-26 കാണുക.

### ഓ

**ഓബേദ്-എദോം** സാക്ഷ്യപെട്ടകം അവൻെറ വസതിയിൽ വച്ചിരുന്നപ്പോൾ ഓബേദ്-എദോമിനെ ദൈവം അനുഗ്രഹി ച്ചു. 1 ദിന. 21 കാണുക.

**ഓഹരി** അഥവാ "ദേശത്തിൻെറ ഭാഗം."

**ഓട്ടുനുറുക്കു കവാടം** നഗരത്തിൻെറ തെക്കു പടിഞ്ഞാറായിരിക്കാമിതിൻെറ സ്ഥാനമെങ്കിലും കൃത്യമായ സ്ഥാനം അറിയില്ല.

### ഔ

**ഔദ്യോഗികവക്താവ്** അഥവാ "പ്രവാചകൻ."

### ക

**കൽദയർ** നെബൂഖദ്നേസർ രാജാവുൾപ്പെട്ടിരുന്ന ഒരു ഗോത്രമാണ് കൽദയർ. അക്കാലത്ത് ബാബിലോണിൻെറ നിയന്ത്രണം അവർക്കായിരുന്നു.

**കൊമ്പ്** മൃഗങ്ങളുടെ പൊള്ളയായ കൊമ്പ്. ചിലപ്പോൾ കുപ്പിയായും ഇത് ഉപയോഗിച്ചിരുന്നു.

**കെരൂബുമാലാഖമാർ** ദൈവത്തിൻെറ പ്രത്യേക ദൂതന്മാർ. ഈ ദൂതന്മാരുടെ പ്രതിമകൾ കരാറിൻെറ പെട്ടകത്തിനു മുകളിലുണ്ട്.

**കശാപ്പു ചെയ്യുക** സാധാരണ അർത്ഥം മൃഗങ്ങളെ കൊന്ന് കഷണങ്ങളാക്കി മുറിക്കുക എന്നാണെങ്കിലും പലപ്പോഴും മൃഗങ്ങളെപ്പോലെ മനുഷ്യരെ കൊല്ലുന്നതിനും ഈ വാക്കുപയോഗിക്കാറുണ്ട്.

**കാറ്റ്** "ശ്വാസം" എന്നോ "ആത്മാവ്" എന്നോ ഇതു പരിഭാഷപ്പെടുത്താം.

**കെരൂബുകൾ** ദൂതന്മാരുടെ രണ്ടു രൂപങ്ങളോ പ്രതിമകളോ.

**കൽദയർ** ബാബിലോണിലെ ഒരു പ്രധാന ഗോത്രം. ഈ ഗോത്രക്കാരനാണ് ബാബിലോൺരാജാവ്. ഇവർ വിദ്യസമ്പന്നരാണ്. ശാസ്ത്രം, ചിരിത്രം, ഭാഷകൾ ജ്യോതിശ്ശാസ്ത്രം എന്നിവ അവർ പഠിച്ചിരുന്നു. എന്നാൽ, തങ്ങൾക്കു ജാലവിദ്യയും നക്ഷത്രങ്ങളെ നോക്കി നടത്തുന്ന പ്രവചനവും അറയാമെന്നവർ വിശ്വസിച്ചിരുന്നു.

**കർമ്മേൽ പർവ്വതം** വടക്കൻ യിസ്രായേലിലെ ഒരു പർവ്വതം. "ദൈവത്തിൻെറ മുന്തിരിത്തോപ്പ്" എന്നാണ് ഈ പേരിനർത്ഥം. വളരെ വളക്കൂറുള്ള കുന്നാണിതെന്ന് ഇതു കാണിക്കുന്നു.

**ക്രേത്യർ** അഥവാ "ക്രേത്തുകാർ." ഇതൊരുപക്ഷേ ഫെലിസ്ത്യരായിരിക്കാം. എന്നാൽദാവീദിൻെറ ചിലനല്ല ഭടന്മാർ ക്രേത്യരാണ്.

**കാവൽക്കാർ** പ്രവാചകർക്കുള്ള മറ്റൊരു പേര്. നഗരമതിലുകളിൽ കാവൽനിന്നു ദൂരെനിന്നും കുഴപ്പങ്ങൾ വരുന്നുണ്ടോ എന്നു നോക്കുന്ന കാവൽക്കാരായി പ്രവാചകന്മാരെ കരുതാമെന്നർത്ഥം.

**കൂടാരത്തിരുന്നാൾ** "സുക്കോത്ത്" എന്നും വിളിക്കപ്പെടുന്നു. അഥവാ "കൂടാരസദ്യ." പ്രാചീനയിസ്രായേലിൽ ഈ സമയത്ത് യെഹൂദർ യെരൂശലേമിലേക്കു യാത്ര ചെയ്ത് കൂടാരങ്ങളിലും താൽക്കാലിക കൂടാരങ്ങളിലും താമസിച്ച് സീനായിമരുഭൂമിയിൽ തങ്ങൾ ജീവിച്ചകാലം അനുസ്മരിക്കുമായിരുന്നു.

**കടന്നൽ** ഈച്ചയേയോ തേനീച്ചയേയോ പോലുള്ള, കുത്തുന്ന ഒരു പ്രാണി. ദൈവത്തിൻെറ ദൂതനെന്നോ അവൻെറ മഹാശക്തിയെന്നോ ഇവിടെ അർത്ഥം.

**ക്രേത്യരുടെയും പ്ലേത്യരുടെയും** ദാവീദിൻെറ പ്രത്യേക അംഗരക്ഷകർ. "വാൾക്കാരും കല്ലെറിയൽക്കാരും" എന്നൊരു പുരാതന അരാമ്യപരിഭാഷയുണ്ട്. അമ്പും വില്ലും ഉപയോഗിക്കാനും തെറ്റാലിയുപയോഗിക്കാനും സമർത്ഥരായിരുന്നിവർ എന്നർത്ഥമാകാം.

**കരാറിൻെറ പെട്ടകം** അഥവാ "സാക്ഷ്യപെട്ടകം." പത്തു കല്പനകൾ എഴുതിയിരിക്കുന്ന കല്ലലകകൾ ഉൾക്കൊള്ളുന്ന ഈ പെട്ടകത്തിൽ യിസ്രായേൽജനത സീനായിമരുഭൂമിയിലായിരുന്നപ്പോൾ ദൈവം അവരോടൊപ്പമായിരുന്നു എന്നു കാണിക്കുന്ന കാര്യങ്ങളും ഉൾക്കൊള്ളുന്നു.

**കൃപാസനം** നിയമം വച്ചിരുന്ന പെട്ടിയുടെ മുകൾഭാഗം. അവിടെയാണ് ജനങ്ങളുടെ പാപത്തിനു പ്രായശ്ചിത്തമായി മഹാപുരോഹിതൻ വർഷത്തിലൊരിക്കൽ മൃഗത്തിന്റെ രക്തം ഒഴിക്കുന്നത്.

**കൂടാരത്തിരുന്നാൾ** വിളവെടുപ്പിന്റെ നന്ദിപ്രകടിപ്പിക്കാൻ ഏഴാം മാസത്തിൽ നടത്തുന്ന ഒരുത്സവം. ഏഴുദിവസം ഇതു നീണ്ടുനിൽക്കും. പുറ. 23:16; ലേവ്യ. 23:34-36, 43 കാണുക.

**കൂട്ടായ്മ** ജനങ്ങളുമായി ബന്ധപ്പെടുകയും അവരുമായി എല്ലാം പങ്കുവയ്ക്കുകയും ചെയ്യുക. ക്രിസ്ത്യാനികൾ സ്നേഹം, ആഹ്ലാദം, ദു:ഖം, വിശ്വാസം എന്നിവയും മറ്റെല്ലാ വസ്തുക്കളും പരസ്പരവും ദൈവവുമായും പങ്കുവയ്ക്കുന്നു.

**കാബൂൽ** "നിഷ്പ്രയോജനം"എന്നർത്ഥംവരുന്ന എബ്രായ വാക്കിനു സമം.

**കവാടം** ജനങ്ങൾ തങ്ങളുടെ മുഴുവൻ പ്രവർത്തനങ്ങൾക്കും എത്തിയിരുന്ന സ്ഥലം. കോടതി വ്യവഹാരങ്ങളധികവും നടന്ന സ്ഥലം ഇതാണ്.

**കൊഴുപ്പ് ദഹിപ്പിക്കുക** മൃഗത്തിന്റെ ഈ ഭാഗം ദൈവത്തിനുമാത്രമുള്ളതാണ്. പുരോഹിതന്മാർ കൊഴുപ്പ് യാഗപീഠത്തിൽ വച്ച് ദൈവത്തിന് ഹോമിക്കണം.

**കരാറിന്റെ പെട്ടകം** അഥവാ "സാക്ഷ്യപെട്ടകം." പത്തു കല്പനകൾ എഴുതിയിരിക്കുന്ന കല്പലകകൾ ഉൾക്കൊള്ളുന്ന ഈ പെട്ടകത്തിൽ യിസ്രായേൽജനത സീനായിമരുഭൂമിയിലായിരുന്നപ്പോൾ ദൈവം അവരോടൊപ്പമായിരുന്നു എന്നു കാണിക്കുന്ന കാര്യങ്ങളും ഉൾക്കൊള്ളുന്നു.

**കെമോശ്** മോവാബുദേശത്തെ ദേശീയ ദേവൻ. എന്നാൽ മിൽകോമായിരുന്നു അമ്മോന്യരുടെ ദേവൻ.

**കീശോൻനദി** താബോർ പർവ്വതത്തിൽ നിന്ന് പത്തു മൈൽ അകലെയുള്ള ഒരു നദി.

**കാഹളം മുഴക്കുന്ന** അഥവാ "ആക്രോശിക്കുന്ന." ആഹ്ലാദിച്ച് ആരവം മുഴക്കേണ്ട ദിവസമാണ് അതെന്നായിരിക്കാം അർ ത്ഥമാക്കുന്നത്.

**കുഷ്ഠരോഗം** പൂപ്പൽ, കുമിൾ, ദുഷിച്ച ത്വക്‌രോഗം എന്നൊക്കെയാണ് എബ്രായവാക്കു കൊണ്ടുദ്ദേശിക്കുന്നത്. നമ്മൾ കുഷ്ഠമെന്നു വിളിക്കുന്ന രോഗം മാത്രമല്ല അത്.

**കനാൻ** ഹാമിന്റെ പുത്രൻ. കനാനിലെ ജനങ്ങൾ പാലസ്തീൻ, ലെബാനോൻ, സിറിയ എന്നിവയുടെ തീരപ്രദേശങ്ങളിൽ വസിച്ചിരുന്നു. പിന്നീട് ദൈവം ഈ ദേശം യിസ്രായേൽജനതയ്ക്കു നൽകി.

**കയീൻ** "ഉണ്ടാക്കുക," "ലഭിക്കുക" എന്നൊക്കെ അർത്ഥമുള്ള എബ്രായ വാക്കിനു സമം.

**ക്രിസ്തു** "അഭിഷിക്തൻ" (മശീഹ) അഥവാ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവൻ.

**കല്പലകകൾ, കല്ല്** കല്പലകകളിൽ എഴുതിവച്ചിരിക്കുന്ന, ദൈവം മോശെയ്ക്കു നൽകിയ കല്പന എന്നർത്ഥം. (പുറ. 24:12, 25:16)

**കുരിശ്** ജനങ്ങളുടെ പാപത്തിനു വേണ്ടി സ്വന്തം ജീവൻ വിലയായി കൊടുത്ത ക്രിസ്തുവിന്റെ മരണകഥയായ സുവിശേഷത്തിന്റെ ചിത്രമായി പൌലൊസ് കുരിശുപയോഗിക്കുന്നു. ജനങ്ങളെ സേവിക്കാനുള്ള ദൈവത്തിന്റെ മാർഗ്ഗമാണ് കുരിശ് (ക്രിസ്തുവിന്റെ മരണം).

**കർത്താവിന്റെ തേജസ്സ്** ജനങ്ങൾക്കു പ്രത്യക്ഷനാകുമ്പോൾ ദൈവം സ്വീകരിച്ചിരുന്ന പലരൂപങ്ങളിലൊന്ന്. തീവ്രപ്രകാശമുള്ള ഒരു തേജസ്സു പോലെയായിരുന്നു ഇത്.

**കർത്താവിന്റെ തിരുവത്താഴം** തന്നെ ഓർമ്മിക്കുന്നതിന് യേശു തന്റെ ശിഷ്യന്മാരോട് ഭക്ഷിക്കാൻ പറഞ്ഞതാണിത് (ലൂക്കൊസ് 22:14-20).

**കോരസീൻ, ബേത്ത്സയിദാ, കഫർന്നഹൂം** യേശു ജനങ്ങളോട് പ്രസംഗിച്ച, ഗലീല തടാകക്കരയിലുള്ള പട്ടണങ്ങൾ.

**കിബ്രോത്ത്-ഹത്താവ** "അത്യാഗ്രഹത്തിന്റെ ശവപ്പറമ്പ്" എന്നാണ് ഈ പേരിന്റെ അർത്ഥം.

**കെമോശ്** മോവാബ്യരുടെ ദേവനായിരുന്നു കെമോശ്.

**കൊസ്ബി** "എന്റെ നുണ" എന്നർത്ഥമുള്ള എബ്രായവാക്കിനു സമം.

**ക്രേത്യർ, പ്ലേത്യർ** രാജാവിന്റെ അംഗരക്ഷരായിരുന്നു ഇവർ.

**കുതിരച്ചെള്ള്** പശുക്കൾക്കും കുതിരകൾക്കും ചുറ്റിലും പറന്നുനടന്ന് അവയെ കടിക്കുന്ന ഒരു പ്രാണി.

**കെമോശ്** മോവാബ്യരുടെ ദേവൻ.

**കുടുംബം** "അവന്റെ പേരും അവന്റെ മകന്റെ പേരും എന്ത്?" എന്നർത്ഥം.

**കാദേശുമരുഭൂമി** സിറിയയിലെ ഒരു മരുഭൂമി. ഇതിന് 'വിശുദ്ധമരുഭൂമി' എന്നും പേരുണ്ടാകാം.

**കിന്നരം** അനവധി കമ്പികളുള്ള, വീണ പോലുള്ള, ഒരു ഉപകരണം.

**കുഴി** അഥവാ "മരിച്ചവരുടെ ലോകം."

## ഗ

**ഗമാലിയേൽ** പരീശന്മാരുടെ ഒരു പ്രധാന അദ്ധ്യാപകൻ. ഒരു യെഹൂദ വിഭാഗമാണ് പരീശന്മാർ.

**ഗേർശോം** "അവിടെയൊരപരിചിതൻ" എന്നർത്ഥം വരുന്ന എബ്രായ വാക്കിനു സമം

**ഗാദ്** "ഭാഗ്യവാൻ" എന്നർത്ഥം.

**ഗുൽഗുലു** വിലപിടിപ്പുള്ള ഒരു സുഗന്ധവസ്തു.

**ഗോമേദകം** നീലയോ ചാരനിറമോ ഉള്ള, അനേകം പാളികളുള്ള ഒരമൂല്യരത്നം.

**ഗെരീസീംപർവ്വതം** ശേഖേം നഗരത്തിനുതൊട്ടു ചേർന്നാണ് ഈ പർവ്വതം.

**ഗിലെയാദിന്റെ പിതാവ്** അഥവാ "ഗിലെയാദ് പ്രദേശത്തിന്റെ നേതാവ്."

**ഗിബെയെത്ത് ഹാരാലോത്ത്** "പരിച്ഛേദനമല" എന്നാണ് ഈ പേരിനർത്ഥം.

**ഗിൽഗാൽ** യിസ്രായേലിലുള്ള നഗരം. ജനങ്ങൾ വ്യാജദൈവങ്ങളെ ആരാധിക്കുന്ന സ്ഥലം.

**ഗിബെയാ, രാമാ** യെഹൂദയുടെയും യിസ്രായേലിന്റെയും അതിർത്തിയിലുള്ള കുന്നുകൾ.

**ഗത്ത്** ഫെലിസ്ത്യരുടെ തലസ്ഥാനനഗരം.

**ഗത്യനായ ഓബേദ്ഏദോം** യെരൂശലേമിനടുത്തു വസിച്ചിരുന്ന ലേവിഗോത്രത്തിൽപ്പെട്ട ഒരാൾ.

**ഗാദ്** യിായേലിലെ ഗോത്രങ്ങളിലൊന്ന്. അമ്മോൻരാജ്യത്തിനടുത്ത് യോർദ്ദാൻനദിയുടെകിഴക്കെ കരയിലായിരുന്നു അവരുടെ ദേശം.

## ച

**ചെളി നിറഞ്ഞ സ്ഥലം** പല പുരാതനകഥകളിലും മരണക്കുഴിയായ ശിയോൾ ഒരു ശവക്കുഴിപോലെ ഇരുണ്ടതും ചെളിനിറഞ്ഞതുമായാണു ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്.

**ചുരുളുകൾ** പുസ്തകങ്ങൾ, കത്തുകൾ, നിയമരേഖകൾ തുടങ്ങിയവ എഴുതാനുപയോഗിക്കുന്ന നീണ്ട തോൽ അഥവാ പാപ്പിറസ് (കടലാസ്) ചുരുളുകൾ.

**ചന്ദ്രോത്സവങ്ങൾ** യെഹൂദമാസത്തിലെ ഒന്നാം തീയതി. യെഹൂദർക്കതൊരു വിശുദ്ധദിനം. ചില ഗ്രീക്കു പ്രതികളിൽ, "ദൈവത്തെ അനുസരിക്കാത്തവർക്കെതിരായി" എന്നു കൂടി ചേർത്തിട്ടുണ്ട്.

**ചുരുൾ** പുസ്തകങ്ങളോ കത്തുകളോ നിയമരേഖകളോ എഴുതിവയ്ക്കാനുപയോഗിക്കുന്ന നീണ്ടതോൽചുരുളുകളോ പാപ്പിറസ് (കടലാസ്) ചുരുളുകളോ ആകാമിത്.

**ചൂള** ഈജിപ്തിന്റെ ഒരുചിഹ്നം.

**ചത്വരം** നഗരകവാടത്തിനടുത്തുള്ള ഒരു തുറസ്സായ സ്ഥലം. പട്ടണത്തിലേക്കുവരുന്ന സഞ്ചാരികൾ അവിടെ തങ്ങിയിരുന്നു.

## ജ

**ജീവന്റെ പുസ്തകം** ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരുടെ മുഴുവൻപേരുകളുള്ള ദൈവത്തിന്റെ പുസ്തകം. ഉദ്ധരണി (വെളി. 3:5, 21:27).

**ജനങ്ങൾ** ദശലക്ഷങ്ങൾ എന്നാണ് വാച്യാർത്ഥം. ഇതിന് ദൂതന്മാർ എന്നും സ്വർഗ്ഗീയസേന എന്നും കൂടി അർത്ഥമുണ്ട്.

**ജാതികൾ** "ജനതകൾ" ജാതികൾ അവിശ്വാസികൾ, യെഹൂദരല്ലാത്തവർ) എന്നർത്ഥം.

**ജനങ്ങളുടെ കവാടം** യെരൂശലേമിലേക്കുള്ള കവാടങ്ങളിലൊന്നാകാം ഇത്. അഥവാ പുരോഹി തരല്ലാത്തവർ ദൈവാലയത്തിലേക്കു കടക്കാനുപയോഗിച്ച കവാടമായിരിക്കാം.

**ജീവന്റെ വൃക്ഷം** നിത്യമായി ജീവിക്കാനുള്ള ശക്തി മനുഷ്യർക്കു നൽകുന്ന പഴം ഉണ്ടാക്കുന്ന വൃക്ഷം. ഉല്പ. 3:22 ഉം വെളി. 22:1-2 ഉം കാണുക.

## ഞ

**'ഞാൻ ആകുന്നു'** പുറ. 3:14 ൽ ദൈവത്തിന്റെ പേരായി ഉപയോഗിച്ചിരിക്കുന്നതുപോലെ. പക്ഷേ "ഞാൻ അവനാകുന്നു (ക്രിസ്തു)" എന്നും ആകാം.

## ഡ

**ഡീക്കൻ** "ശുശ്രൂഷകൻ," "ഭൃത്യന്മാർ" എന്നർത്ഥം. സഭയെ പ്രത്യേക മാർഗ്ഗങ്ങളിൽ സഹായിക്കാൻ നിയുക്തനായവൻ.

## ത

**തബേരാ** ഈ പേരിനർത്ഥം “കത്തുന്നു” എന്നാണ്.

**തട്ടിൻപുറം** യിസ്രായേലിലെ കെട്ടിടങ്ങളുടെ തട്ടിൻപുറം പരന്നതായിരുന്നു. അതിനാൽ ആളുകൾ അവിടെ സാധനങ്ങൾ ശേഖരിച്ചിരുന്നു.

**തെറ്റാലി** പാറക്കല്ലുകൾ എയ്തുവിടാനുപയോഗിക്കുന്നഒരു തോലിൻ പട്ട.

**തിരശ്ശീല** യഹോവയുടെ സാക്ഷ്യപെട്ടകവും അതിന്മേലുള്ള കെരൂബുമാലാഖമാരെയും കാണത്തക്കവിധം വിശുദ്ധസ്ഥലത്തിനും അതിവിശുദ്ധസ്ഥലത്തിനുമിടയിൽ തൂക്കിയിടുന്ന ഒരു വലിയ തുണി.

**തേമാൻ** ഏദോമിൻെറ വടക്കൻപ്രദേശത്തായിരുന്നു ഈ പട്ടണം.

**തുരുത്തി** വീഞ്ഞു സംഭരിക്കുന്നതിന് മൃഗങ്ങളുടെ തോലുകൊണ്ടുണ്ടാക്കിയ സഞ്ചി.

**ത്വക്‌രോഗം** “കുഷ്ഠം” എന്നു വാച്യാർത്ഥം. പല തരം ത്വക്‌രോഗങ്ങളെന്നാണ് എബ്രായപദത്തിനർത്ഥം.

## ദ

**ദാസി**അഥവാ “വെപ്പാട്ടി.” ഒരുപുരുഷന് ഭാര്യയെപ്പോലെയുള്ള അടിമസ്ത്രീ.

**ദാവീദിൻെറ നഗരം** യെരൂശലേമിൻെറ തെക്കു കിഴക്കുള്ള ഏറ്റവും പുരാതനമായ ഭാഗം.

**ദിവസം** സർവ്വജനങ്ങളുടെയും ന്യായവിധി നടത്താൻ ക്രിസ്തു വരുന്ന ദിവസം.

**ദാവീദിൻെറ പുത്രൻ** ക്രിസ്തുവിന് ഏകദേശം ആയിരം വർഷങ്ങൾക്കു മുമ്പ് യിസ്രായേലിലെ രണ്ടാമത്തെ രാജാവായിരുന്ന ദാവീദിൻെറ ഗോത്രക്കാരൻ.

**ദെക്കപ്പൊലി** ഗ്രീക്കിൽ “ഡെക്കാപോളിസ്” എന്നാകുന്നു ഗലീലതടാകത്തിൻെറ കിഴക്കെകരയിലുള്ള ഒരു പ്രദേശം. അതിൽ ഒരിക്കൽ പത്തു പ്രധാന പട്ടണങ്ങളുണ്ടായിരുന്നു.

**ദാൻ** “തീരുമാനിക്കാൻ,” “നിർണ്ണയിക്കാൻ” എന്നർത്ഥം.

**ദാവീദിൽ പത്തു വീതം** രാജ്യം വീതിക്കപ്പെട്ടതിനുശേഷം യെഹൂദാരാജ്യമായിത്തീർന്ന രണ്ടു ഗോത്രങ്ങളായിരുന്നു യെഹൂദയും ബെന്യാമീനും. മറ്റു പത്തുഗോത്രങ്ങൾ യിസ്രായേൽ രാജ്യമായിത്തീർന്നു.

**ദർശകൻ** പ്രവാചകൻെറ മറ്റൊരു പേര്. ദൈവത്തിൽ നിന്നുള്ള സന്ദേശം ഒരു പ്രത്യേക വിധത്തിൽ ചിലപ്പോൾ പ്രവാചകൻ കാണാറുണ്ടെന്നാണിതിനർത്ഥം.

**ദാഗോൻ** നല്ലൊരു ധാന്യവിളവു തരുമെന്നു കരുതികനാന്യർ ഈ ദേവനെ ആരാധിച്ചിരുന്നു. ഫെലിസ്ത്യരുടെ ഏറ്റവും പ്രധാന ദേവനായിരുന്നു ഇത്.

**ദൈവത്തിൻെറ സന്ദേശം** തങ്ങളുടെപാപങ്ങൾ പൊറുക്കപ്പെടുന്നതിനും ദൈവത്തോടൊത്ത് വസിക്കുന്നതിനും ദൈവം ജനങ്ങൾക്കു വഴിയൊരുക്കിയിരിക്കുന്നു എന്ന വാർത്ത.

**ദൈവത്തിൻെറ വസതി** “ദൈവത്തിൻെറ കുടുംബം” (യിസ്രായേൽ) എന്നോ വിശുദ്ധകൂടാരമെന്നോ ദൈവാലയമെന്നോ അർത്ഥം വരാം.

**ദൈവത്തിൻെറ വിശുദ്ധപെട്ടകം** കരാറിൻെറപെട്ടകം. പത്തുകല്പനകൾ എഴുതിയിരിക്കുന്നകല്പലകകൾ ഉൾക്കൊള്ളുന്ന ഈപെട്ടകത്തിൽ യിസ്രായേൽജനത സീനായിമരുഭൂമിയിലായിരുന്നപ്പോൾ ദൈവം അവരോടൊപ്പമായിരുന്നു എന്നു കാണിക്കുന്ന കാര്യങ്ങളും ഉൾക്കൊള്ളുന്നു.

**ദൈവത്തിൻെറ അജഗണം** ദൈവത്തിൻെറജനത. പരിപാലിക്കപ്പെടേണ്ട ഒരു ആട്ടിൻപറ്റത്തെപ്പോലെയാണവർ.

**ദാനം** “അഭിഷേകം ചെയ്യുക” എന്ന് ഗ്രീക്കിൽ അർത്ഥം. പരിശുദ്ധത്മാവ് എന്ന് ഇതിനർത്ഥമുണ്ടാകാം.

**ദർശകൻ** ഒരു തരത്തിലുള്ളപ്രവാചകൻ. ദൈവത്തിനുവേണ്ടി സംസാരിക്കുന്ന ഒരുവ്യക്തി. പ്രവാചകൻ കാര്യങ്ങളെല്ലാം ദർശനത്തിലൂടെ കാണുന്നു എന്നർത്ഥം.

**ദാസി** വെപ്പാട്ടി എന്നു വാച്യാർത്ഥം. ഒരു പുരുഷൻ ഭാര്യയായി വച്ചുകൊണ്ടിരിക്കുന്ന അടിമ സ്ത്രീ.

**ദാഗോൻ** ഫെലിസ്ത്യരുടെ ദേശീയ ദേവൻ. ഇതിൻെറ തല, കൈകൾ, ശരീരം എന്നിവ മനുഷ്യൻേറതുപോലെയും ശരീരത്തിൻെറ. താഴത്തെപകുതി മീനിൻെറ വാലുപോലെയുമായിരുന്നു.

**ദർശനം** സ്വപ്നംപോലെഒന്ന്. ദൈവം തൻെറ വിശിഷ്ടജനങ്ങൾക്ക് കാര്യങ്ങൾകാണിച്ചും കേൾപ്പിച്ചും കൊടുക്കുന്നത് ദർശനങ്ങളിലൂടെയാണ്.

**ദേവസഭ** ഭൂമിയിലെ ജനങ്ങളെ എന്തുചെയ്യണമെന്ന് ദൈവവും മറ്റു ദേവന്മാരും ചേർന്നു തീരുമാനിച്ചിരുന്നുവെന്ന് മറ്റുജനതകൾ പഠിപ്പിച്ചു. എന്നാൽ പലപ്പോഴും രാജാക്കന്മാരും നേതാക്കന്മാരും “ദേവന്മാർ” എന്നാണു

വിളിക്കപ്പെട്ടിരുന്നത്. അതിനാൽ യിസ്രായേലിലെ നേതാക്കന്മാർക്കുള്ള ദൈവത്തിൻെറ താക്കീതാകാം ഈ സങ്കീർത്തനം.

**ദശാംശങ്ങൾ** ജനങ്ങളുടെ വിളവിൻെറയോ മൃഗങ്ങളുടെയോ പത്തിലൊരംശം.

**ദാവീദിൻെറ നഗരം** യെരൂശലേംനഗരത്തിൻെറ ഏററവും പഴയതും തെക്കുകിഴക്കു ഭാഗവുമായിരുന്നു ഇത്.

**ദൈവപുരുഷൻ** പ്രവാചകന്മാരുടെ ഒരു സ്ഥാനപ്പേര്. ഹാനാനെപ്പററി കൂടുതലൊന്നും അറിയില്ല.

**ദൈവപുത്രന്മാർ** അഥവാ "ദേവന്മാരുടെ പുത്രന്മാർ." സ്വർഗ്ഗത്തിൽ ദൈവത്തെ ശുശ്രൂഷിക്കുന്ന, പുരോഹിതന്മാരെപ്പോലെയുള്ള ദൈവദൂതന്മാരെയാവാം ഇവിടെ ഉദ്ദേശ്ശിക്കുന്നത്.

**ദൈവം** രാജാവെന്ന നിലയിൽ ദൈവത്തിനുള്ള ഒരു ഗാനമായിരിക്കാം ഇത്. അല്ലെങ്കിൽ രാജാവിന് ഒരു സ്ഥാനപ്പേരായി എഴുത്തുകാരൻ ദൈവം എന്ന വാക്കുപയോഗിക്കുകയാവാം.

## ന

**ന്യായപ്രമാണം** സീനായിമലയിൽവെച്ച് ദൈവംതന്നെ ഏല്പിച്ച ന്യായപ്രമാണം മോശെ ദൈവത്തിൻെറജനതയ്ക്കു നൽകി. പുറ. 34: 29-32.

**നേർത്ത തോൽ** കടൽനായ് അഥവാ കടൽപശുവിൻെറ ചർമ്മത്തിൽ നിന്നും ഉണ്ടാക്കിയതാണ് ഈ തോൽ.

**നിയമങ്ങൾ** പഴയ നിയമത്തിൽ ദൈവം തൻെറ ജനതയുമായുണ്ടാക്കിയ കരാറുകൾ.

**നെബോപർവ്വതം** യിസ്രായേലിനു കിഴക്ക് മോവാബുരാജ്യത്തുള്ള ഒരു പർവ്വതം.

**നോഹ** "വിശ്രമം" എന്നാണ് ഈ പേരിനർത്ഥം.

**നാർദ്ദീൻ** നാർദ്ദീൻ ചെടിയുടെ വേരിൽനിന്നെടുക്കുന്ന വിലകൂടിയ ഒരു സുഗന്ധതൈലം.

**നെഫിലിം** "വീണ മനുഷ്യർ" എന്ന എബ്രായവാക്കിൻെറ അർത്ഥത്തിനു തുല്യം. പിന്നീട് നെഫിലീം വലിയ പടയാളികളുടെ പ്രസിദ്ധമായ കുടുംബമായി.

**നഫ്താലി** "എൻെറ കഠിനാദ്ധ്വാനം" എന്നർത്ഥം.

**നെഗെവ്** യെഹൂദയുടെ തെക്കൻഭാഗത്തുള്ള മരുപ്രദേശം.

**നോദ്** "അലഞ്ഞുതിരിയുന്നു" എന്നർത്ഥം.

**നാസീർവ്രതക്കാരൻ** ദൈവത്തിന് ഒരു വിശിഷ്ട വഴിപാടുനേർന്നവൻ. "വേർതിരിക്കുന്നതിന്" എന്നർത്ഥം വരുന്ന എബ്രായപദത്തിൽ നിന്നാണ് ഈ പേരിൻെറ ഉത്ഭവം.

**നൊവൊമി** "സന്തോഷം" എന്നോ "പ്രസന്നം" എന്നോ അർത്ഥം.

**നാസീർ** ദൈവത്തിനു വിശേഷനേർച്ചകൾ നേർന്നവൻ. "വേർതിരിക്കുക" എന്നർത്ഥമുള്ള എബ്രായവാക്കിൽ നിന്നുണ്ടായത്.

**നാബാൽ** "വിഡ്ഢി" എന്നർത്ഥം.

**നിങ്ങൾ** എന്നതിനു പകരം ഞങ്ങൾ എന്നും ഉപയോഗിച്ചിട്ടുണ്ട്.

**നെഗവ്** യെഹൂദയ്ക്കു തെക്കുള്ള ഒരു മരുപ്രദേശം.

**നസറെയൻ** നസറെത്തുകാരനായ ഒരാൾ, മുള (ശാഖ) എന്ന് ഏകദേശ അർത്ഥം പറയാം. (യെശ.11:1).

**നാസീർ വ്രതസ്ഥൻ** ദൈവത്തിനൊരു പ്രതേക നേർച്ചനേർന്നവൻ. "വേർതിരിക്കുക" എന്ന എബ്രായവാക്കിൽ നിന്നുണ്ടായത്.

**നീനെവേ** അശ്ശൂർനഗരത്തിൻെറ തലസ്ഥാനം. ബി. സി. 722-721ൽ അശ്ശൂർ യിസ്രായേലിനെ നശിപ്പിച്ചു.

**നറുക്കെടുപ്പ്** തീരുമാനങ്ങളെടുക്കാൻ വടികൊണ്ടോ കല്ലുകൊണ്ടോ അസ്ഥികൊണ്ടോ ഉണ്ടാക്കിയ കട്ടകൾ എറിയുന്ന രീതി.

**നല്ലവൻ** ഇതൊരു പ്രത്യേക പദപ്രയോഗമാണ്. എബ്രായഭാഷയിൽ ഇതിൻെറ അർത്ഥം "നേരെ"യും "സത്യസന്ധ" മായും എന്നാണ്.

**നാമം** "സ്മരണ"യെന്നോ "സ്മാരക"മെന്നോ വാച്യാർത്ഥം.

## പ

**പെന്തെകൊസ്തുദിനം** യെഹൂദർക്കിടയിൽ ഗോതമ്പിൻെറ വിളവെടുപ്പുത്സവം. പെസഹയ്ക്ക് അൻപതു ദിവസങ്ങൾക്കു ശേഷമാണിത്.

**പാതാളം** മരിക്കുമ്പോൾ മനുഷ്യർ പോകുന്ന സ്ഥലം. സാധാരണഗതിയിൽ കുഴിമാടം എന്നർത്ഥം. ആത്മാക്കൾ പോകുന്നിടം എന്നും അർത്ഥം വരാം.

**പാത്രങ്ങൾ** എബ്രായഭാഷയിൽ ഈ വാക്കിനർത്ഥം പാത്രങ്ങൾ, ഉപകരണങ്ങൾ, ആയുധങ്ങൾ എന്നൊക്കെയാണ്.

**പാറ** ദൈവത്തിൻെറ ഒരു പേര്. സുരക്ഷിതമായ അഭയസ്ഥാനമോ കോട്ടയോ പോലെയാണവൻ എന്നിതു കാണിക്കുന്നു.

**പരിച്ഛേദനം** അഗ്രചർമ്മം മുറിച്ചുകളയൽ. ദൈവം യിസ്രായേലുമായുണ്ടാക്കിയ കരാർ താനും പങ്കുവയ്ക്കുന്നുവെന്നു കാണിക്കാൻ സകലയെഹൂദ പുരുഷന്മാരും ചെയ്യുന്നത്. ഉല്പ. 17:9-14.

**പീലാത്തൊസ്** ക്രി. വ. 26-36 വരെ പൊന്തിയൊസ് പീലാത്തോസായിരുന്നു യെഹൂദയിലെ ഗവർണർ.

**പറുദീസാ** നല്ല മനുഷ്യർ മരണാനന്തരം പോകുന്ന സ്ഥലം.

**പിതാവേ, പിതാവേ!** "അബ്ബാ, പിതാവേ" എന്നർത്ഥം. ഇംഗ്ലീഷിൽ "ഡാഡി" എന്നു സ്നേഹത്തോടെ വിളിക്കുമ്പോലെ യെഹൂദക്കുട്ടികൾ തങ്ങളുടെ അപ്പനെ "അബ്ബാ" എന്നാണു വിളിക്കാറ്

**പെസഹാ അപ്പം** യെഹൂദർ എല്ലാവർക്കും പെസഹാആഘോഷവേളയിൽ കഴിക്കുന്ന പുളിമാവുചേർക്കാത്ത വിശിഷ്ടഅപ്പം. പെസഹാ അപ്പം പുളിപ്പില്ലാത്തതാകുന്നതു പോലെ ക്രിസ്ത്യാനികൾ പാപരഹിതനാണെന്നാണ് പൌലൊസ് അർത്ഥമാക്കുന്നത്.

**പെസഹാകുഞ്ഞാട്** യെഹൂദരുടെ പെസഹാഅത്താഴത്തിന് കുഞ്ഞാടു ബലിയർപ്പിക്കപ്പെടുന്നതു പോലെയാണ് യേശു തന്റെ ജനങ്ങൾക്കായി ബലിയർപ്പിച്ചത്.

**പരിച്ഛേദന** എല്ലാ യെഹൂദാ ബാലകന്മാരുടെയും ലിംഗത്തിന്റെ അഗ്രചർമ്മം മുറിച്ചുകളയണമെന്ന് ദൈവം അബ്രാഹാമിനോട് നിയമം ചെയ്തിരുന്നു.

**പരിശുദ്ധാത്മാവ്** ദൈവത്തിന്റെ ആത്മാവ്, ക്രിസ്തുവിന്റെ ആത്മാവ്, ആശ്വാസദായകൻ എന്നെല്ലാം വിളിക്കപ്പെടുന്നു. ദൈവത്തിനോടും ക്രിസ്തുവിനോടും ചേർന്ന് അവനാണ് ജനങ്ങൾക്കിടയിൽ ദൈവത്തിനു വേണ്ടി പ്രവർത്തിക്കുന്നത്.

**പരീശന്മാർ** എല്ലാ യെഹൂദനിയമങ്ങളും ആചാരങ്ങളും കൃത്യമായി പാലിക്കുന്നു എന്നവകാശപ്പെടുന്ന ഒരു യെഹൂദമതവിഭാഗമാണ് പരീശന്മാർ.

**പത്രൊസ്** അരാമ്യ നാമമായ "പാറ" എന്നർത്ഥമുള്ള "കെഫാസ്" തന്നെ ഗ്രീക്കുനാമമായ "പത്രൊസ്."

**പണസഞ്ചികൾ** താലന്തുകൾ എന്നർത്ഥം. ഒരു താലന്തെന്നാൽ 60 മുതൽ 80 വരെ പൗണ്ട് സ്വർണ്ണനാണയങ്ങളൊ വെള്ളിനാണയങ്ങളൊ ചെമ്പുനാണയങ്ങളൊആകുന്നു. ഒരു താലന്തെന്നാൽ മുപ്പതിനായിരം ദിനാറിനു തുല്യം. ഒരു ദിനാർ ഒരു ദിവസത്തെ കൂലിയായിരുന്നു.

**പെസഹാ കുഞ്ഞാട്** പെസഹാആഘോഷത്തിന്റെ ഭാഗമായി ബലിയർപ്പിക്കുന്ന കുഞ്ഞാടുകൾ. പുറ.12:3-9 കാണുക.

**പരിച്ഛേദനം** അഗ്രചർമ്മം ഛേദിക്കൽ. എല്ലാ യെഹൂദ ആൺകുട്ടിക്കും ഇതുചെയ്യും. ദൈവം അബ്രാഹാമുമായുണ്ടാക്കിയ ഒരു കരാറിന്റെ തുടർച്ചയാണിത് (ഉല്പ.17:9-14).

**പാതാളം** "ശാശ്വതാന്ധകാരം" എന്നർത്ഥം. അന്തമില്ലാത്ത കുഴിയോ ഗർത്തമോ പോലെ എന്തോ ഒന്ന്.

**പണക്കിഴി** ഗ്രീക്കുഭാഷയിൽ "മിനവ"യെന്ന് ഉപയോഗിച്ചിരിക്കുന്നു. ഒരു തൊഴിലാളിയുടെ മൂന്ന് മാസത്തെ ശമ്പളത്തിന് തുല്യമായ തുകയാണിത്.

**പെലെഗ്** "വിഭജനം" എന്നാണ് ഈ പേരിനർത്ഥം.

**പെനീയേൽ, പെനുവേൽ** "ദൈവത്തിന്റെമുഖം" എന്നർത്ഥം വരുന്ന രണ്ടുവാക്കുകൾ.

**പെരെസ്സ്** "പെട്ടെന്ന് കടന്നുവരിക" എന്നർത്ഥം.

**പെസഹ** യെഹൂദരുടെ ഒരു പ്രധാന അവധിദിവസം. ഈ ദിവസം അവർ വിശേഷഭക്ഷണംകഴിക്കും. വസന്തകാലത്തിലെ ഈ ഉത്സവം ദൈവം അവരെ ഈജിപ്തിന്റെ അടിമത്വത്തിൽനിന്നും മോചിപ്പിച്ചതിന്റെ സ്മരണയ്ക്കായുള്ളതാണ്.

**പാതാളം** അഥവാ മരണത്തിന്റെയിടമായ "ശിയോൾ."

**പുതുജീവൻ** "അവന്റെ വിത്ത്" എന്നു ഗ്രീക്കു പതിപ്പിൽ പറയുന്നു.

**പുതിയ നിയമം** ദൈവം യേശുവിലൂടെ ജനങ്ങൾക്കു നൽകിയ മെച്ചപ്പെട്ട കരാർ."

**പിതാവ്** അടിമകൾ ചിലപ്പോൾ തങ്ങളുടെ യജമാനന്മാരെ "പിതാവേ" എന്നും യജമാനന്മാർ അടിമകളെ "കുട്ടികൾ" എന്നും വിളിക്കാറുണ്ട്.

**പൂർവ്വികന്മാർ** "പിതാക്കന്മാർ" എന്നു വാച്യാർത്ഥം. ഒരാളുടെ മാതാപിതാക്കൾ, മുത്തച്ഛനും മുത്തശ്ശിയും അങ്ങനെ അവർ ആരെ പിന്തുടർന്നു വന്നോ അവരെല്ലാം.

**പെസഹ** യെഹൂദരുടെ ഒരു പ്രധാനവിശ്രമദിനം. മോശെയുടെ കാലത്ത് ഈജിപ്തിലെ അടിമത്തത്തിൽനിന്നും ദൈവം തങ്ങളെ മോചിപ്പിച്ചതിന്റെ സ്മരണയ്ക്കായി എല്ലാ വർഷവും അവരന്ന് ഒരുസദ്യ കഴിക്കും.

**പാനപാത്രം എടുക്കുന്നവൻ** വളരെ പ്രധാനപ്പെട്ട ഒരു ഉദ്യോഗം. രാജാവ് കുടിക്കാനുള്ള വീഞ്ഞിൽ ആരെങ്കിലും വിഷം കലർത്തിയിട്ടുണ്ടോ എന്നറിയാൻ അത് ആദ്യം രുചിച്ചുനോക്കി പരിശോധിക്കുന്നവൻ. രാജാവിന് എത്രയും അടുത്തു പെരുമാറുന്നവൻ.

**പെസഹ** യെഹൂദരുടെ പ്രധാനപ്പെട്ട ഒരു വിശ്രമദിനം. മോശെയുടെ കാലത്ത് ദൈവംതങ്ങളെ ഈജിപ്തിൽനിന്നും സ്വതന്ത്രരാക്കിയതിൻെറ സ്മരണയ്ക്കായി എല്ലാവർഷവും യെഹൂദർ ഈ ദിനത്തിൽ സദ്യ കഴിക്കും.

**പാതാളം** മരണാനന്തരം മനുഷ്യർ പോകുന്ന സ്ഥലം.

**പാറ** ദൈവം ഉറച്ചൊരു അഭയസ്ഥാനമാണെന്നു കാണിക്കുന്ന, അവൻെറ ഒരു പേര്.

**പുതുഗാനം** ദൈവം തൻെറജനത്തിനായി പുതിയതും അത്ഭുതകരവുമായ കാര്യങ്ങൾ ചെയ്യുമ്പോൾ അവർ അതെപ്പറ്റി പുതിയൊരു ഗാനം എഴുതും.

## പ്ര

**പ്രവാചകൻ** തൻെറ വിശിഷ്ടസേവകനായി ദൈവം തെരഞ്ഞെടുത്ത വ്യക്തി. ജനങ്ങൾക്കു കാര്യങ്ങൾ ഉപദേശിച്ചു കൊടുക്കാൻ ദൈവം ഇവർക്കു സ്വപ്നങ്ങളും ദർശനങ്ങളും കാട്ടിക്കൊടുത്തിരുന്നു.

**.പ്രത്യേക സഹായി** "ശുശ്രൂഷകൻ" എന്നർത്ഥം. "ഭൃത്യൻ" എന്നർത്ഥമുള്ള ഗ്രീക്കുപദമായ "ഡീക്കൻ" എന്നതിനു തുല്യം

**പ്രഥമ നിയമം** യെഹൂദ ജനത്തിനു, 'മോശെയുടെ കല്പനകൾ' ദൈവം നൽകിയപ്പോഴുണ്ടാക്കിയ കരാർ.

**പ്രകാശം** ദൈവം എന്തുപോലെയാണെന്നു കാണിക്കാനുപയോഗിക്കുന്ന വാക്ക്. നന്മ എന്നോ സത്യമെന്നോ അർത്ഥം.

**പ്രധാനദൂതൻ** ദൈവത്തിൻെറ ദൂതന്മാരുടെ നേതാവ്

**പ്രവാചകസംഘം** "പ്രവാചകരുടെ പുത്രന്മാർ" എന്നു വാച്യാർത്ഥം. അവർ പ്രവാചകരും പ്രവാചകരാകാൻ പഠിക്കുന്നവരുമായിരുന്നു.

**പ്രായശ്ചിത്തദിനം** "യോം കിപ്പൂർ" എന്നും വിളിക്കപ്പെടുന്നു. യെഹൂദരുടെ ഏറ്റവുംപ്രധാനപ്പെട്ട വിശുദ്ധദിനം. ഈ ദിവസം മുഖ്യപുരോഹിതൻ അതിവിശുദ്ധ സ്ഥലത്തേക്കു പോയി ജനങ്ങളുടെ പാപങ്ങൾക്കു പ്രായശ്ചിത്തം (മൂടുകയോ മായ്ചുകളയുകയോ) ചെയ്യുന്ന ചടങ്ങു നിർവ്വഹിക്കും.

**പ്രവാചകൻ(ർ)** ദൈവത്തിനുവേണ്ടി സംസാരിച്ചവർ, അവരുടെ ലിഖിതങ്ങളും പഴയ നിയമത്തിൻെറ ഭാഗങ്ങളാണ്.

**പ്രതിഷ്ഠോത്സവം** ഹാനുഖാ. ഡിസംബറിൽ യെഹൂദർ ആഘോഷിക്കുന്ന ഒരു വിശേഷ വാരം.

**പ്രാവിൻ ചിറകുകൾ** അഥവാ വിലപിടിപ്പുള്ള ആഭരണങ്ങൾ.

**പ്രതികരണഗാനങ്ങൾ** പാട്ടിൻെറ ഒരു ഭാഗം ഒരുസംഘം പാടുകയും അടുത്തഭാഗം മറ്റൊരു സംഘംപാടുകയും ചെയ്യുന്ന പാട്ടുകളാണിത്. സങ്കീ. 111, 118, 136 എന്നിവയായിരിക്കാം ഇത്.

## ഫ

**ഫലം** തങ്ങൾ അവൻേറതാണെന്നു കാണിക്കാൻ യേശുവിൻെറ അനുയായികൾ ജീവിച്ചമാർഗ്ഗം എന്നർത്ഥം. 7-10 വാക്യങ്ങൾ നോക്കുക.

**ഫറവോൻ** ഈജിപ്തിലെ രാജാവിനു ജനങ്ങളിട്ടിരുന്ന സ്ഥാനപ്പേര്. "മഹാഭവനം" എന്നാണിതിനർത്ഥം.

**നഫ്താലി** "എൻെറ കഠിനാദ്ധ്വാനം" എന്നർത്ഥം.

**ഫ്രാത്ത്** ഇത് യെരൂശലേമിനടുത്തുള്ള ഒരു ഗ്രാമമായിരുന്നിരിക്കാം. യോശുവ 18:23-ൽ ബെന്യാമീൻെറ ദേശത്തെ പട്ടണങ്ങളുടെ പട്ടികയിൽ പാര എന്നൊരു പട്ടണമുണ്ട്. അതു തന്നെയായിരിക്കാം ഇത്. ഫ്രാത്തിന് "യൂഫ്രട്ടീസ്" എന്നും അർത്ഥമുണ്ട്.

**ഹ്രസ്വജീവിതം** "അവൻ പൊടിയിലെഴുതപ്പെടും" എന്നു വാച്യാർത്ഥം. അയാളുടെ പേര് ഉടൻ മരിക്കുന്നവരുടെ പട്ടികയിൽ ചേർക്കപ്പെട്ടിരിക്കുന്നു എന്നർത്ഥം.

## ബ

**ബേഥെസ്ദാ** ബേഥ്സെയ്ദാ എന്നോ ബേഥെസ്ദാ എന്നോ വിളിക്കപ്പെടുന്നു. യെരൂശലേമിലെ ദൈവാലയത്തിനു വടക്കുള്ള ഒരു ജലാശയം.

**ബലികൾ** ദൈവത്തിനുള്ള ഒരു സമ്മാനം. യാഗപീഠത്തിൽ ഒരു വിശിഷ്ട മൃഗത്തെ കൊന്ന് ഹോമിക്കുന്നതാണിത്. അസ

**ബേസെക്കിലെ ഭരണാധിപൻ** അഥവാ "അദോനി ബേസെക്ക്."

**ബോഖീം** "ജനങ്ങൾ കരയുന്നു" എന്നർത്ഥം.

**ബാൽ** ഈ വ്യാജദൈവമാണു മഴയും പേമാരിയും കൊണ്ടുവന്നതെന്ന് കനാന്യർകരുതി. ദേശത്ത് നല്ല വിളവുണ്ടാക്കുന്നതും അവനാണെന്നവർ കരുതി.

**ബാൽബെരീത്ത്** "കരാറിൻെറ ദേവൻ" എന്നാണ് ഈ ദേവൻെറ പേരിനർത്ഥം.

**ബാബേൽ** അഥവാ "ബാബിലോണ്യ." "കൂട്ടിക്കുഴയ്ക്കുക" എന്നർത്ഥം.

**ബെൻ - അമ്മീ** "എൻെറ പിതാവിൻെറ പുത്രൻ" അഥവാ "എൻെറ ജനതയുടെ പുത്രൻ" എന്നാണ് എബ്രായഭാഷയിൽ ഈ പേരിൻെറ ധ്വനി.

**ബേർ-ശേബ** "പ്രതിജ്ഞയുടെ കിണർ" എന്നാണ് ഈ പേരിനർത്ഥം.

**ബേഥേൽ** "ദൈവത്തിൻെറ വസതി" എന്നർത്ഥം.

**ബേത്ത്-ഏദെൻ** ലെബാനോൻ പർവ്വതത്തിലുള്ള രാജകീയനഗരമായ അരാം (സിറിയ). "ആനന്ദത്തിൻെറ ഭവനം" എന്നോ "പറുദീസ" യന്നോ ഇതിനർത്ഥം വരാം.

**ബേഥേൽ** യിസ്രായേലിലെ ഒരു പട്ടണം. "ദൈവത്തിൻെറ വസതി" എന്നർത്ഥം.

**ബേത്ത്-ആവെൻ** "തിന്മയുടെ വസതി" എന്നാണ് ഈ എബ്രായ വാക്കിനർത്ഥം. "ബേഥേൽ" എന്ന സ്ഥലനാമത്തിൽ നടത്തുന്ന ഭാഷാപരമായ ഒരു പദപ്രയോഗമാണിത്. യിസ്രായേലിലുള്ള ഈ പട്ടണത്തിൽ ഒരു ദൈവ മുണ്ട്.

**ബാൽ** ഈ വ്യാജദൈവമാണ് മഴയും പേമാരിയും കൊണ്ടുവന്നതെന്ന് കനാന്യർ കരുതി. ദേശത്തു നല്ല വിളവുണ്ടാക്കിയതും അവനാണെന്നാണ് അവർ കരുതിയിരുന്നത്.

**ബെനോനീ** "എൻെറ യാതനയുടെ പുത്രൻ" എന്നർത്ഥം.

**ബെന്യാമീൻ** "വലംകൈ(ഇഷ്ടപ്പെട്ട)യായ പുത്രൻ" എന്നർത്ഥം.

**ബേർ** ഈ എബ്രായ നാമത്തിനു "കിണർ" എന്നർത്ഥം.

**ബെയോർ** ബോസർ എന്നും കൂടെ ചില പതിപ്പുകളിൽ ഉപയോഗിച്ചിട്ടുണ്ട്.

**ബാബിലോണിലെ സഭ** "ബാബിലോണിലെ അവൾ" എന്നർത്ഥം.

**ബലികൾ** ദൈവത്തിനുള്ള സമ്മാനം. സാധാരണയായി ഒരു വിശേഷ മൃഗത്തെ ദൈവത്തിൻെറ യാഗപീഠത്തിൽ കൊന്നു ഹോമിക്കും.

**ബേൽ** ബാബിലോണുക്കാരുടെ ഏറ്റവും പ്രധാനദേവനായ മർദൂക്കിൻെറ പലപേരുകളിലൊന്ന്.

**ബെഹമോത്ത്** ഏതു മൃഗമാണിതെന്നു മനസ്സിലാകുന്നില്ല. നീർക്കുതിരയോ ആനയോ ആകാം.

**ബെൻ ഹിന്നോം താഴ്‌വര** ഹിന്നോം താഴ്‌വര തെക്കു ഭാഗത്തായി യെരൂശലേമിനു പടിഞ്ഞാറാണ്. ഈ താഴ്‌വരയിൽ അനേകം ശിശുക്കളും ബാലന്മാരും വ്യാജദൈവങ്ങൾക്കു ബലിയർപ്പിക്കപ്പെട്ടിട്ടുണ്ട്.

**ബോവസ്** "അവനിലാണു കരുത്ത്" എന്ന പോലെയാണ് എബ്രായ ഭാഷയിൽ ഇതനർത്ഥം.

## മ

**മാറ** "കയ്പ്പ്" എന്നർത്ഥം.

**മസ്സാ** "പരിശോധിക്കൽ" "പ്രലോഭനം" "പരീക്ഷണം" എന്നൊക്കെ അർത്ഥം.

**മനുഷ്യപുത്രൻ** യേശു. ദാനീയേൽ 7:13:14ൽ തൻെറ ജനത്തെ രക്ഷിപ്പാൻ ദൈവം തിരഞ്ഞെടുത്ത മശീഹയുടെ പേരാണിത്.

**മനുഷ്യൻ** "മനുഷ്യൻ" "ജനം" "ആദാം എന്ന പേര്" എന്നൊക്കെയാണ് ഈ എബ്രായവാക്കിനർത്ഥം. "ഭൂമി" "ചുവന്ന കളിമണ്ണ്" എന്നൊക്കെയുള്ളതു പോലെയാണിത്.

**മിസ്രയീം** ഈജിപ്തിൻെറ മറ്റൊരു പേര്.

**മോവാബ്** "പിതാവിൽനിന്ന്" എന്നാണ് എബ്രായഭാഷയിൽ ഈ വാക്കിൻെറ ധ്വനി.

**മിസ്പാ** "നിരീക്ഷണസ്ഥലം" എന്നർത്ഥം.

**മനശ്ശെ** "മറക്കുക" എന്നർത്ഥമുള്ള എബ്രായവാക്കിനു തുല്യം.

**മോലേക്ക്** ഒരു വ്യാജദൈവം. മോലേക്കിനെ ആരാധിക്കുന്നവർ ചില പ്പോൾ തങ്ങളുടെ മക്കളെത്തന്നെ ബലിയർപ്പിക്കാറുണ്ട്.

**മന്ത്രവാദി** ജാലവിദ്യയ്ക്കായി ദുഷ്ടാത്മാക്കളെ ഉപയോഗിക്കാൻ ശ്രമിക്കുന്നവൻ.

**മന്നാ** യിസ്രായേൽജനത നാല്പതുവർഷം മരുഭൂമിയിൽ അലഞ്ഞപ്പോൾ ദൈവം അവർക്കുനൽകിയ വിശുദ്ധഭക്ഷണം.

**മെരീബാ** "തർക്കം" അഥവാ "കലാപം"എന്നർത്ഥം.

**മനുഷ്യപുത്രൻ** സാധാരണ "ഒരു വ്യക്തി" അഥവാ "ഒരു മനുഷ്യൻ" എന്നു പറയാനുപയോഗിക്കുന്ന ഒരു രീതി മാത്രമാണിത്. എന്നാലിവിടെ ഇത് യെഹസ്കേലിനെ കുറിയ്ക്കുന്നു.

**മിൽക്കോം** അമ്മോന്യരുടെ ദേവൻ.

**മുന്തിരിവള്ളി** ദൈവത്തിൻെറ മുന്തിരിത്തോട്ടമോ മുന്തിരിവള്ളിയോ ആയിരുന്നു യെരൂശലേം എന്ന് പ്രവാചകർ പലവട്ടം പറഞ്ഞിട്ടുണ്ട്.

**മോവാബ്** യിസ്രായേലിനു കിഴക്കുള്ള ഒരു രാജ്യം. ലോത്തിൻെറ മകനായ മോവാബിൻെറ പിൻഗാമികൾ അവിടെ വസിച്ചിരുന്നു. ഉല്പ. 19:37 കാണുക.

**മൂപ്പൻ** "മേൽ നോട്ടക്കാരൻ" ഒരുസഭയെ നയിക്കാൻ തിരഞ്ഞെടുക്കപ്പെട്ടവരിൽ ഒരുവൻ. "ഉപദേശികൾ" (ഇടയന്മാർ) എന്നും വിളിക്കും. ദൈവത്തിന്റെ ജനതയെ പരിപാലിക്കുകയാണ് ജോലി. (അ. പ്ര. 20:28).

**മഹാരാജാവ്** അഥവാ "ദൈവം."

**മിസ്പാ** യിസ്രായേലിലെ ഒരു പർവ്വതം. ജനങ്ങൾ വ്യാജദൈവങ്ങളെ ആരാധിച്ചിരുന്നത് പലകുന്നുകളിലും പർവ്വതങ്ങളിലും വച്ചാണ്.

**മരത്തിൽ തൂക്കിയിടുക** തെറ്റു ചെയ്തതിന് വധിക്കപ്പെടുന്നവന്റെ ശരീരം അപമാനമുണ്ടാക്കാൻ മരത്തിൽ തൂക്കിയിടും. യേശുവിന്റെ കുരിശും അങ്ങനെയാണെന്ന് പൌലൊസ് സൂചിപ്പിക്കുന്നു. ആവ. 21:22-23.

**മില്ലോ** യെരൂശലേമിൽ ആലയപ്രദേശത്തുള്ള ഉയർന്ന ഭൂവിഭാഗമായിരിക്കാം മില്ലോ.

**മോശെ** അഥവാ "മനശ്ശെ."

**മോവാബ്** യിസ്രായേലിനു കിഴക്കുള്ള ഒരു രാജ്യം.

**മാറാ** "കയ്പ്" എന്നോ "വ്യസനം" എന്നോ അർത്ഥം.

**മുന്തിരിച്ചക്ക്** മുന്തിരി പിഴിഞ്ഞ് സത്തെടുക്കുന്ന സ്ഥലം. പലപ്പോഴും നിലത്തുപാറയിലുള്ള ഒരു ആഴമില്ലാത്ത കുഴിയായിരിക്കും.

**മില്ലോ** സീയോനിന്റെ പുരാതനമായ കോട്ടപണിതിരിക്കുന്ന ശക്തമായ സ്ഥലങ്ങളിലൊന്നാവാം ഇത്.

**മുഖ്യദാസൻ** അഥവാ "ഉപദേഷ്ടാവ്." "പുരോഹിതൻ" എന്നർത്ഥം.

**മെഫീബോശെത്ത്** ഈ പേരിലുള്ള മറ്റൊരാളാണ്. യോനാഥാന്റെ മകനല്ല.

**മുപ്പതു വീരന്മാർ** ദാവീദിന്റെ ധീരന്മാരായ പടയാളികളുടെ സംഘം.

**മൽക്കീസേദെക്ക്** അബ്രാഹാമിന്റെ കാലത്ത് ജീവിച്ചിരുന്ന ഒരു പുരോഹിതനും രാജാവും (ഉല്പ. 14:17-24).

**മന്നാ** യെഹൂദർക്ക് ദൈവം മരുഭൂമിയിൽവച്ചു നൽകിയ ഭക്ഷണം.

**മൂപ്പൻ** അപ്പൊസ്തലനായ യോഹന്നാനായിരിക്കാം. "മൂപ്പൻ" എന്നാൽ പ്രായമായ ഒരാളെന്നർത്ഥം. സഭയിലെ ഒരു പ്രത്യേകനേതാവെന്നും അർത്ഥമുണ്ടാകാം. (തീത്തൊസ് 1:5 പോലെ.)

**മഹാഭാരം** "പ്രഖ്യാപനം" എന്ന വാക്കിന്റെ എബ്രായപദം "മഹാഭാരം" എന്നു പരിഭാഷപ്പെടുത്തിയതുപോലെയാണ്.

**മേശെക്, കെദാർ** ഈ സ്ഥലങ്ങളിലുള്ളവർ പ്രസിദ്ധപോരാളികളാണ്.

**മെംഫിസ്, തഹ്പനേസ്** ഈജിപ്തിലെ രണ്ടു നഗരങ്ങൾ.

**മന്നാ** യിസ്രായേൽജനത നാല്പതുവർഷം മരുഭൂമിയിൽ അലഞ്ഞപ്പോൾ ദൈവം അവർക്കയച്ചു കൊടുത്ത വിശിഷ്ട ഭക്ഷണം.

**മരണക്കുഴി** അഥവാ "തിരിച്ചു വരാൻ കഴിയാത്ത സ്ഥലം. കുഴിമാടം."

**മെയൂന്യർ** ചില പുരാതന ഗ്രീക്കു പരിഭാഷകളിൽ "മെയൂന്യർ" എന്നു കാണുന്നു. "അമ്മോന്യർ" എന്നാണ് എബ്രായഭാഷയിൽ കാണുന്നത്.

**മുക്രയിടുക** കുതിരയുണ്ടാക്കുന്ന ശബ്ദം.

**മുദ്ര** റബ്ബർ സീലുപോലെ ചെറിയ കല്ലിലോ മോതിരത്തിലോ അടയാളം കൊത്തി കയ്യൊപ്പിനു പകരം ഉപയോഗിച്ചത്.

## യ

**യെഹൂദഭാഷ** എബ്രായ പോലെയുള്ള അരാമ്യഭാഷയായിരുന്നു യെഹൂദർ ഒന്നാം നൂറ്റാണ്ടിൽ സംസാരിച്ചിരുന്നത്.

**യഹോവയുടെ സൈന്യം** യിസ്രായേൽജനങ്ങൾ.

**യോനാ** പഴയ നിയമത്തിലെ ഒരു പ്രവാചകൻ. മൂന്നു ദിവസംഒരു മീനിന്റെഉള്ളിൽ കഴിഞ്ഞിട്ടും ജീവനോടെ അദ്ദേഹം പുറത്തുവന്നു. യേശു മൂന്നാം ദിവസം കല്ലറയിൽനിന്നും ഉയിർത്തെഴുന്നേറ്റതുപോലെ.

**യെഹൂദ സഹോദരി** "അബ്രാഹാമിന്റെ പുത്രി" എന്നർത്ഥം.

**യിശ്മായേൽ** "ദൈവം കേൾക്കുന്നു" എന്നർത്ഥം.

**യിസ്ഹാക്ക്** "അവൻ ചിരിക്കുന്നു" എന്നർത്ഥം.

**യഹോവയിരേ** "കർത്താവ് കാണുന്നു" അഥവാ "കർത്താവ് നൽകുന്നു" എന്നാണിതിനർത്ഥം.

**യാക്കോബ്** "ഉപ്പൂറ്റി" എന്നർത്ഥം വരുന്ന എബ്രായ വാക്ക്. "പിന്തുടരുന്നവൻ" എന്നോ "കൗശലക്കാരൻ" എന്നോ അർത്ഥം.

**യെഹൂദാ** "അവൻ സ്തുതിക്കപ്പെട്ടവൻ" എന്നർത്ഥം.

**യിസ്സാഖാർ** "പ്രതിഫലം," "ശമ്പളം" എന്നൊക്കെ അർത്ഥം.

**യോസേഫ്** "കൂട്ടുക," "ശേഖരിക്കുക," "ഒരുമിച്ചു കൂട്ടുക" എന്നൊക്കെ അർത്ഥം.

**യെഗർ-സാഹദൂഥാ** "കരാറിന്റെ പാറക്കൂട്ടം" എന്നാണ് ഈ അരാമ്യ വാക്കിനർത്ഥം.

**യിസ്രായേൽ** "അവൻ ദൈവത്തിനായി പടവെട്ടുന്നു," "ദൈവത്തോടൊപ്പം അവൻ പടവെട്ടുന്നു" അഥവാ "ദൈവം പടവെട്ടുന്നു" എന്നോ അർത്ഥം.

**യെശൂരൂൻ** യിസ്രായേലിൻെറ മറ്റൊരു പേര്. "നല്ലവൻ" അഥവാ "വിശ്വസ്തൻ" എന്നർത്ഥം.
**യാഗപീഠം** യാഗങ്ങളർപ്പിക്കാൻ ഉപയോഗിച്ചിരുന്ന മേശയോ ഉയർന്ന സ്ഥലമോ.
**യാക്കോബ്** യിസ്രായേൽജനതയുടെ മറ്റൊരുപേര്. യാക്കോബിൻെറ സന്തതിപരമ്പരയാണല്ലോ യിസ്രായേൽ.
**യാഗപീഠങ്ങൾ** ദൈവത്തിന് സമ്മാനമായി അർപ്പിക്കപ്പെട്ടിരുന്ന വസ്തുക്കൾ ഹോമിക്കുന്നതിനുള്ള കല്ലലക.
**യേശു** "രക്ഷ" എന്നാണ് യേശുവെന്ന പേരിനർത്ഥം.
**യോനയുടെ അടയാളം** ഒരു വലിയമീനിനിൻെറ ഉള്ളിൽ യോനാ മൂന്നു ദിവസം കഴിഞ്ഞത് യേശുക്രിസ്തു കല്ലറയിൽ മൂന്നു ദിവസം കഴിഞ്ഞതുപോലെയാണ്. യോനയുടെ പുസ്തകം വായിക്കുക.
**യെഹൂദപ്പള്ളികൾ** "സിനഗോഗുകൾ" യെഹൂദർ പ്രാർത്ഥനയയ്ക്കും വിശുദ്ധഗ്രന്ഥം പഠിക്കുന്നതിനും മറ്റു പൊതുസമ്മേളനങ്ങൾക്കും ഒന്നിച്ചുകൂടുന്ന സ്ഥലങ്ങളാണ്.
**യെരൂബ്ബാൽ** "ബാൽ തർക്കിക്കട്ടെ" എന്നർത്ഥംവരുന്ന എബ്രായവാക്കുപോലെയാണിത്. "ഒരുവൻെറ പക്ഷംപിടി ക്കുക" എന്നും "പ്രതിരോധിക്കുക" എന്നും ഇതേ ക്രിയാരൂപം തർജ്ജമ ചെയ്യാം.
**യഹോവയുടെ ആട്ടിൻപറ്റം** യെഹൂദക്കാർക്കുള്ള ആലങ്കാരികമായ ഒരു പേരാണിത്. യഹോവയെ ഇടയനായും അവൻെറ ജനത്തെ ആട്ടിൻപറ്റമായും കല്പിക്കുന്ന ഒരു രീതി.
**യയസന്യാവ്** അക്കാലത്ത് രേഖാബിൻെറ കുടുംബത്തലവനായിരുന്നു ഇയാൾ.
**യിരെമ്യാവ്** യിരെമ്യാപ്രവാചകനല്ല. പക്ഷേ അക്കാലത്തു ജീവിച്ചിരുന്ന അതേ പേരുള്ള മറ്റൊരാൾ.
**യഹോവയുടെ ആലയം** യെഹൂദരുടെ ആരാധനയ്ക്കായി യെരൂശലേമിലുള്ള പ്രത്യേകമന്ദിരം.
**യിസ്രായേൽ കുടുംബം** അബ്രാഹാം, യിസ്ഹാക്ക്, യാക്കോബ് എന്നിവരിൽനിന്നുണ്ടായ യിസ്രായേൽജനതയെ മുഴുവനുമായാണിവിടെ പരാമർശിക്കുന്നത്.
**യോവാബും അബീശായിയും** അബ്നേർവധിച്ച അസാഹേലിൻെറ സഹോദരന്മാർ.
**യെദീദ്യാവ്** "യഹോവയാൽ സ്നേഹിക്കപ്പെട്ടവൻ" എന്നർത്ഥം.
**യോശുവ** മോശെയുടെ മരണശേഷം യോശുവ യെഹൂദരുടെ നേതാവായി. ദൈവത്തിൻെറ വാഗ്ദത്തഭൂമിയിലേ ക്കയാൾ അവരെ നയിച്ചു.
**യിസ്രായേൽ** വടക്കൻ യിസ്രായേൽസാമ്രാജ്യം എന്നാണിവിടെ ഇതുകൊണ്ട് അർത്ഥമാക്കുന്നത്. യിരെമ്യാവിൻെറ കാലത്തിന് നൂറോളംവർഷം മുമ്പ് അശ്ശൂരുകാർ യിസ്രായേൽ നശിപ്പിച്ചിരുന്നു.
**യാഖീൻ** "അവൻ ഉറപ്പിക്കുന്നു" എന്ന പോലെയാണ് ഈ എബ്രായവാക്കിനർത്ഥം.
**യാഹ്** എബ്രായഭാഷയിൽ ദൈവത്തിനുള്ള പേരാണിത്. 'യഹോവ' എന്നുസാധാരണ പരിഭാഷപ്പെടുത്താറുള്ള എബ്രായ പദം പോലെയാണിത്.
**യോസേഫ്** ഇവിടെ യോസേഫിൻെറകുടുംബം എന്നർത്ഥം. അതായത് യിസ്രായേൽജനത.

## ര

**രഹബ്** ഒരു വ്യാളിയോ സമുദ്രജീവിയോ. രഹബാണ് സമുദ്രത്തെ നിയന്ത്രിച്ചിരുന്നതെന്ന് ജനം കരുതി. ദൈവത്തിൻെറ ശത്രുക്കളുടെയോ ഏതു ദുഷ്ടതയുടേയുമോ ചിഹ്നമായി ഇതിനെ പറയാറുണ്ട്.
**രേഖാബിൻെറ കുടുംബം** രേഖാബിൻെറ പുത്രനായ യോനാദാബിൻെറ പിൻഗാമികൾ. ഈ കുടുംബക്കാർ യഹോവയോടു വളരെ വിശ്വസ്തരായിരുന്നു. യോനാദാബിൻെറ കഥയ്ക്ക് 2 രാജാ. 10:15-28 കാണുക.
**രാമത്ത് ലേഹി** "ഈഖോൻ കുന്നുകൾ" എന്നർത്ഥം.
**രൂബേൻ** "ഇതാ, ഒരു പുത്രൻ" എന്നർത്ഥം.
**രോഗങ്ങൾ** പ്ലേഗെന്നോ പകർച്ചവ്യാധിയെന്നോ അർത്ഥം.
**രഥനഗരങ്ങൾ** കുതിരകളെയും തേരുകളും സൂക്ഷിക്കാനുള്ള പ്രത്യേക സ്ഥലങ്ങളുള്ള നഗരങ്ങൾ.
**രണ്ടുഫലകങ്ങൾ** ദൈവം പത്തുകല്പനകളെഴുതിയ രണ്ടു ഫലകങ്ങളാണിവ.

## ല

**ലേവി** പുരോഹിതജോലി ചെയ്തിരുന്ന ഒരു യിസ്രായേൽഗോത്രം.
**ലേവി** "കൂടെപ്പോവുക," "ഒന്നിച്ചു ചേർന്നിരിക്കുക," "അടുപ്പത്തിലാവുക" എന്നർത്ഥം.

**ലേവ്യർ** പുരോഹിതന്മാരെ സഹായിച്ചിരുന്ന, ലേവിയുടെ ഗോത്രക്കാർ.

**ലേവ്യർ** ലേവിയുടെ ഗോത്രക്കാർ. ദൈവാലയത്തിൽ പുരോഹിതരെ സഹായിക്കുകയും ആഭ്യന്തര ഭരണകൂടത്തെ സഹായിക്കുകയും ചെയ്തിരുന്നു അവർ.

**ലെഗ്യോൻ** 6000 ഭടന്മാർ ഉള്ള ഒരു സൈന്യ സംഘമാണ് ഒരു ലെഗ്യോൻ.

**ലേവ്യർ** ലേവി ഗോത്രക്കാർ. ലേവ്യർ ദൈവാലയത്തിൽ പുരോഹിതന്മാരെ സഹായിക്കുകയും ആഭ്യന്തര ഭരണകൂടത്തിനുവേണ്ടി പണിയെടുക്കുകയും ചെയ്തിരുന്നു.

**ലേഖകർ** പുസ്തകങ്ങളും കത്തുകളും എഴുതുകയും പകർത്തുകയും ചെയ്തിരുന്നവർ. ആ എഴുത്തുകളുമായി വളരെയധികം പരിചയമുള്ളതുകൊണ്ട് അവയെന്താണെന്ന് നന്നായി അവർക്കറിയാം.

**ലിവ്യാഥാൻ** രാക്ഷസാകൃതിയിലുള്ള ഒരു മഹാസമുദ്രജീവിയായിരിക്കാമിത്. ഇതിനെക്കൊണ്ടു സൂര്യനെ വിഴുങ്ങിക്കാൻ ജാലവിദ്യക്കാർക്കു കഴിയുമെന്ന് ചിലർ കരുതിയിരുന്നു; അതായത് സൂര്യഗ്രഹണം വരുത്താൻ.

**ലോ-രൂഹമാ** “അവൾ കാരുണ്യം നേടുന്നില്ല” എന്നാണ് ഈ എബ്രായ വാക്കിനർത്ഥം.

**ലോ-അമ്മീ** “എന്റെ ജനമല്ല” എന്നാണ് ഈ എബ്രായപേരിനർത്ഥം.

## വ

**വിശേഷമായ കഴിവ്** “ഞാൻ അവരെ ജ്ഞാനത്തിന്റെ ആത്മാവിനാൽ നിറച്ചിരിക്കുന്നു” എന്നർത്ഥം.

**വിശിഷ്ട തൈലം** “സുഗന്ധതൈലം” എന്നുംപറയാം. പുരോഹിതന്മാർ, പ്രവാചകർ, രാജാക്കന്മാർ എന്നിവരെ അഭിഷേകം ചെയ്യാനുപയോഗിക്കുന്ന തൈലമായിരിക്കാം ഇത്.

**വിശുദ്ധ അപ്പം** വിശുദ്ധകൂടാരത്തിൽ വച്ചിരുന്ന പ്രത്യേക അപ്പം. “കാണിക്കുന്ന അപ്പം” എന്നും “സാന്നിദ്ധ്യത്തിന്റെ അപ്പം” എന്നും വിളിക്കപ്പെടുന്നു. ലേവ്യ. 24:5-9 കാണുക.

**വിശുദ്ധകൂടാരം** “സമ്മേളനക്കൂടാരം” എന്നും വിളിച്ചുവരുന്നു. ദൈവവുമായി സമ്മേളിക്കാൻ ജനങ്ങൾ ഈ കൂടാരത്തിലേക്കാണു പോകുന്നത്. യെരൂശലേമിൽ ദൈവാലയം നിർമ്മിക്കപ്പെടുന്നതുവരെ ജനങ്ങൾ ഈ കൂടാരം ഉപയോഗിച്ചിരുന്നു.

**വാഴ്ത്തുക** സഹായത്തിനു ദൈവത്തോടു പ്രാർത്ഥിക്കുന്നതിനുപയോഗിക്കുന്ന ഒരു ഹീബ്രുവാക്കായ “ഓശാന” എന്നർത്ഥം, അപ്പോൾ ഇതു ദൈവത്തെയോ അവന്റെ മശിഹായെയോ സ്തുതിക്കാനുള്ള ഒരാഹ്ലാദകൂജനമായിരിക്കാം.

**വെളിച്ച ദൂതൻ** ദൈവത്തിന്റെ ദൂതൻ. ചെകുത്താൻ ജനങ്ങളെ കബളിപ്പിച്ചതിനാൽ അവൻ ആരാണെന്ന് അവർക്കു മനസ്സിലായില്ല. അവൻ ദൈവത്തിൽനിന്നും വന്നവനാണെന്നവർ ധരിച്ചു.

**വെപ്പാട്ടി** ഒരാൾക്കു ഭാര്യയെപ്പോലുള്ള അടിമ സ്ത്രീ.

**വെളിപ്പാടുകൾ** ഒളിച്ചിരുന്ന സത്യം പുറത്താക്കൽ ആണ് ഒരു വെളിപ്പാട്.

**വെളിച്ചപ്പാട്** മരിച്ചവരുടെ ആത്മാക്കളുമായി സംസാരി ക്കാൻ ശ്രമിക്കുന്ന ഒരാൾ.

**വിശിഷ്ടസമ്മേളനങ്ങൾ** സൂര്യചന്ദ്രന്മാരെ ആധാരമാക്കിയാണ് യിസ്രായേലുകാർ മാസം, വർഷം എന്നിവയുടെ ആരംഭമറിഞ്ഞിരുന്നത്. പല യെഹൂദ വിശ്രമദിനങ്ങളും വിശിഷ്ടസമ്മേളനങ്ങളും അമാവാസിദിനത്തിലോ പൗർണ്ണമിദിനത്തിലോ ആണ് ആരംഭിക്കുന്നത്.

**വിശേഷ പുഷ്പങ്ങൾ** “പ്രണയപുഷ്പം” എന്നാണ് എബ്രായവാക്കിന്റെ അർത്ഥം. അവ സ്ത്രീകളെ പ്രസവിക്കാൻ സഹായിക്കുമെന്നു ജനം കരുതിയിരുന്നു.

**വ്യഭിചാരി** ലൈംഗികാവശ്യത്തിനുവേണ്ടി ശരീരം വിൽക്കുന്നവൾ. ദൈവത്തിൽ വിശ്വസിക്കാതെ മറ്റു ദേവന്മാരെ ആരാധിക്കുന്നവൻ എന്നും അർത്ഥമാകാം.

**വിശേഷ വിശ്രമദിനങ്ങൾ** അഥവാ “ശബ്ബത്തുകൾ.” ശനിയാഴ്ച എന്നാവാം അർത്ഥം. അല്ലെങ്കിൽ ജനങ്ങൾ ജോലിചെയ്യേണ്ടതില്ലാത്ത ഒരു ദിനം..

**വിശുദ്ധപെട്ടകം** അഥവാ “കരാറിന്റെപെട്ടകം.” പത്തുകല്പനകൾ എഴുതിയിരിക്കുന്ന കല്പലകകൾ ഉൾക്കൊള്ളുന്ന ഈ പെട്ടിയിൽ യിസ്രായേൽ ജനത സീനായിമരുഭൂമിയിലായിരുന്നപ്പോൾ ദൈവം അവരോടൊപ്പമുണ്ടായിരുന്നു എന്നു കാണിക്കുന്ന സാധനങ്ങളും ഉൾക്കൊള്ളുന്നു.

**വിശേഷദാനം** യുദ്ധത്തിലെടുക്കപ്പെട്ടവ എന്നു സാമാന്യാർത്ഥം. അവ യഹോവയ്ക്കുള്ളതാണ്. അതിനാൽമറ്റൊന്നിനും അവ ഉപയോഗിക്കാൻ പാടില്ല.

**വിശുദ്ധപർവ്വതം** സീനായിപർവ്വതം, യെരൂശലേം നിർമ്മിക്കപ്പെട്ടിരിക്കുന്ന പർവ്വതങ്ങളിൽ ഒന്ന്.

**വിശ്രാന്തി** ദൈവം തന്റെ ജനതയ്ക്കു വാഗ്ദാനം ചെയ്ത വിശ്രമസ്ഥലം.

**വിശുദ്ധകൂടാരം** ദൈവം തൻെറ ജനങ്ങൾക്കിടയിൽ വസിച്ച സ്ഥലം. യെഹൂദപുരോഹിതർ ഇവിടെ ആരാധന നടത്തിയിരുന്നു.

**വിശുദ്ധമന്ദിരം** ജനങ്ങൾ യഹോവയെ ആരാധിക്കാൻ പോയിരുന്ന ശീലോവിലെ വിശുദ്ധകൂടാരമെന്നോ അവർ വിശുദ്ധകൂടാരം സ്ഥാപിച്ചിരുന്ന വിശാലപ്രദേശമെന്നോ ഇതിനർത്ഥംവരാം.

**വസതി** രാജകൊട്ടാരമെന്നോ ദൈവാലയമെന്നോ അർത്ഥമുണ്ടാകാം.

**വനിത** ഒരു സ്ത്രീയെന്നർത്ഥമാകാം. അല്ലെങ്കിൽ ഈ കത്തിൽ ഒരു സഭയാകാം. സഭയെന്നാണെങ്കിൽ "അവളുടെ കുട്ടികൾ" സഭയിലെ ജനങ്ങളാകാം.

**വെള്ളമൊഴുകുന്ന നീർപ്പാത്തി** പുരാതന യെരൂശലേം നഗരത്തിൻെറ കോട്ടയുടെയിടയിലേ ക്കൊഴുകുന്ന വെള്ളമുള്ള ഒരു നീർപ്പാത്തിയുണ്ടായിരുന്നു. അവിടെനിന്ന് നഗരത്തിലേക്കു നേരെപോകുന്ന ഒരു വീതികുറഞ്ഞ നീർപ്പാത്തിയുമുണ്ടായിരുന്നു. നഗരവാസികളിതുപയോഗിച്ചിരുന്നു. നഗരത്തിലേക്കു പ്രവേശിക്കാൻ ദാവീദിൻെറ ആളുകളിലൊരുവൻ ഈ നീർപ്പാത്തിയിലേക്കു കയറിയിട്ടുണ്ടാവാം.

**വിശേഷദിവസം** ഒരോ മാസത്തിൻെറയും ഒന്നും രണ്ടും ദിവസങ്ങൾ ആരാധനയ്ക്കുള്ള വിശേഷദിവസങ്ങളായിരുന്നു. ആ ദിവസങ്ങളിൽ സമൂഹവിരുന്ന് നടത്തിയിരുന്നു.

**വിശേഷവസ്ത്രങ്ങൾ** ദൈവത്തെ ആരാധിക്കാൻ ദൈവാലയത്തിലേക്കു പോകുമ്പോൾ ജനങ്ങളണിഞ്ഞിരുന്ന വസ്ത്രങ്ങൾ.

**വീട്** ശരീരം എന്നർത്ഥം. ദൈവം നിന്നെ എന്നെന്നേക്കുമായി നശിപ്പിക്കുമെന്നത് കാവ്യാത്മകമായി പറയുന്നുവെന്നു മാത്രം.

**വേൽ** കുന്തം പോലുള്ള ഒരു ആയുധം.

## ശ

**ശമര്യാ** യിസ്രായേലിൻെറ പത്തു വടക്കൻഗോത്രങ്ങളുടെ സാമ്രാജ്യതലസ്ഥാനം. വടക്കൻസാമ്രാജ്യം എന്ന അർത്ഥത്തിലും ഇതു പലപ്പോഴും ഉപയോഗിക്കപ്പെടാറുണ്ട്.

**ശിനാർ** ബാബേൽ (ഉല്പ.11:2) ഗോപുരവും ബാബേൽനഗരവും പണിത സമതലം.

**ശബ്ബത്തു ദിവസം** യെഹൂദരുടെ ആഴ്ചയുടെ അവസാന ദിവസം. യെഹൂദർക്ക് ഇതൊരു മതപരമായ വിശേഷ ദിവസമാണ്.

**ശുദ്ധീകരണം** ആഹാരംകഴിക്കുന്നതിനുമുമ്പും ദൈവാലയത്തിൽ ആരാധന നടത്തുന്നതിനുമുമ്പും മറ്റു പലവിശേഷ അവസരങ്ങളിലും ശുദ്ധീകരണം നടത്തുന്നതിന് യെഹൂദർക്ക് മതപരമായ ചട്ടങ്ങളുണ്ട്.

**ശുദ്ധീകരണം** യെഹൂദസ്ത്രീകൾ പ്രസവിച്ചു നാല്പതുദിവസങ്ങൾ കഴിയുമ്പോൾ ദൈവാലയത്തിൽ ഒരു ചടങ്ങിലൂടെ ശുദ്ധീകരിക്കപ്പെടണമെന്ന് മോശെയുടെ ന്യായപ്രമാണം പറയുന്നു. ലേവ്യ. 12:2-8 വായിക്കുക.

**ശിമോൻ** പത്രൊസ് എന്നാണ് ശിമോൻെറ മറ്റൊരു പേര്.

**ശേത്ത്** "നൽകുക" എന്നർത്ഥം വരുന്ന ഒരു എബ്രായവാക്കിനു സമം.

**ശിമെയോൻ** "അവൻ കേൾക്കുന്നു" എന്നർത്ഥം.

**ശുദ്ധീകരിക്കുക** "അഭിഷേകംനടത്തുക," "മൂടുക," "കുളിപ്പിക്കുക," "പാപങ്ങൾ മായ്ച്ചുകളയുക" എന്നൊക്കെയാണ് എബ്രായവാക്കിനർത്ഥം.

**ശേശായി, അഹീമാൻ, തൽമായി** അനാക് എന്നൊരാളുടെ മൂന്നു പുത്രന്മാർ. രാക്ഷസന്മാരായിരുന്നു അവർ. സംഖ്യാ. 13:22.

**ശെഖേമിലെ ഗോപുരം** ഇതൊരുപക്ഷേ ശെഖേമിനടുത്തുള്ള ഒരു സ്ഥലമായിരിക്കാം. എന്നാൽ നഗരത്തിൻെറ ഒരുഭാഗമല്ല.

**ശൂരന്മാരുടെ പുസ്തകം** യിസ്രായേലിൻെറ യുദ്ധങ്ങളെപ്പറ്റിയുള്ള ഒരു പുരാതനഗ്രന്ഥം.

**ശപിയ്ക്കപ്പെട്ടവർ** "ശാപത്തിൻെറ സന്തതികളെ." ദൈവം അവരെ ശപിയ്ക്കും എന്നർത്ഥം.

**ശബ്ബത്തു വിശ്രമം** നിയമപ്രകാരം ഓരോ ഏഴാം വർഷവും ഭൂമികൃഷി ചെയ്യുവാൻ പാടില്ലായിരുന്നു.

**ശേശക്** ഈ പേരുണ്ടാക്കാൻ യിരെമ്യാവ് ഒരു പ്രത്യേക അടയാളം ഉപയോഗിച്ചു. സൈന്യം ഉപയോഗിക്കുന്നതു പോലുള്ള ഒന്നാണിത്. ബാബിലോണിനുള്ള ഒരു രഹസ്യ അടയാളമാണിത്.

**ശെബ** ഇന്നത്തെ സൗദിയറേബ്യയുടെ ഒരു ഭാഗമായ, യിസ്രായേലിനു തെക്കുള്ള ഒരു ദേശം. യിരെമ്യാവിൻെറ കാലത്ത് സുഗന്ധദ്രവ്യവ്യാപാരത്തിൻെറ നിയന്ത്രണം ശെബയ്ക്കായിരുന്നു.

**ശബ്ബത്ത്** ശനിയാഴ്ച. യെഹൂദരുടെ വിശ്രമത്തിനായുള്ള ഒരു പ്രത്യേക ദിനം.

**ശേക്കെൽ** ഒരു ഔൺസിൻെറ അഞ്ചിൽ രണ്ടു ഭാഗം.

**ശാസ്ത്രിമാർ** വിവിധകാര്യങ്ങൾ എഴുതിയെടുക്കുകയും പകർത്തിയെഴുതുകയും ചെയ്തിരുന്നവർ. പിൽക്കാലത്ത് പഴയനിയമമായിത്തീർന്ന കാര്യ

ങ്ങളിൽ ചിലതും അതിലുൾപ്പെടും. ആ കാര്യങ്ങളുമായി വളരെ അടുത്തിടപഴകിയതിനാൽ ആ എഴുത്തുകളുടെ അർത്ഥം അറിയുന്നതിൽ വിദഗ്ദരായിത്തീർന്നു അവർ.

**ശവക്കുഴി** "നാശത്തിൻെറ പടുകുഴി" അതായത് "പാതാളം" എന്നർത്ഥം.

**ശബ്ബത്തുനാൾ** ശനിയാഴ്ച. യെഹൂദർക്ക് ആരാധനയ്ക്കുള്ള കല്പന ദിവസം.

**ശെബായക്കാർ** മരുപ്രദേശത്തുനിന്നുള്ള ഒരു സംഘമാളുകൾ. അവർ ജനങ്ങളെ ആക്രമിക്കുകയും കൊള്ളയടിക്കുകയും ചെയ്തു.

**ശേശ്ബസ്സർ** സെരൂബാബേൽ എന്നുപേരായ ഒരാളായിരിക്കാം ഇത്. "ബാബിലോണ്യയിൽ അപരിചിതനായവൻ" എന്നോ "അവൻ ബാബിലോൺ വിട്ടു" എന്നോ അർത്ഥം. ശേശ്ബസ്സർ അവൻെറ അരാമ്യനാമമായിരിക്കാം.

**ശാലേം** യെരൂശലേമിൻെറ മറ്റൊരു പേര്. "സമാധാനം" എന്നാണ് ഈ പേരിനർത്ഥം.

## സ

**സത്യത്തിൻെറ ആത്മാവ്** പരിശുദ്ധാത്മാവ്. യേശുവിൻെറ അനുയായികളെ ദൈവത്തിൻെറ സത്യം മനസ്സിലാക്കാൻ സഹായി ക്കുക.. അവൻെറ ജോലിയായിരുന്നു. യോഹ 16:13.

**സഹായി** അഥവാ "ആശ്വാസദായകൻ" പരിശുദ്ധാത്മാവ്.

**സിയൂസ്** ഗ്രീക്കു ദേവന്മാരിൽ ഏറ്റവും പ്രധാനി.

**സർപ്പം** എബ്രായഭാഷയിൽ "ചീങ്കണ്ണി" എന്നു കാണുന്നു. ഇതിനർത്ഥം പാമ്പ് എന്നാണ്.

**സംഘങ്ങൾ** ഇതൊരു സൈനികപദമാണ്. ഇത് യിസ്രായേലുകാർ കർത്താവിൻെറ സൈന്യമായി വിഭജിക്കപ്പെട്ടിരുന്നു എന്നു കാണിക്കുന്നു.

**സദൂക്യർ** ഒരുപ്രമുഖ യെഹൂദജനവിഭാഗം. പഴയനിയമത്തിൻെറ ആദ്യത്തെ അഞ്ചു പുസ്തകങ്ങളെ അവർ സ്വീകരിച്ചിട്ടുള്ളു. മരണാനന്തര ജീവിതത്തിൽ അവർ വിശ്വസിച്ചിരുന്നില്ല.

**സുവിശേഷം** ജനങ്ങൾക്കു അവരുടെ പാപങ്ങൾ പൊറുക്കപ്പെടാനും ദൈവത്തോടൊത്തു ജീവിക്കാനുമുള്ള മാർഗ്ഗം ദൈവം തുറ ന്നിരിക്കുന്നുവെന്ന വാർത്ത.

**സാറായി** "രാജകുമാരി" എന്നർത്ഥം വരുന്ന ഒരു അരാമ്യ വാക്കായിരിക്കാനാണിട.

**സാറാ** "രാജകുമാരി" എന്നർത്ഥം വരുന്ന ഒരു എബ്രായ നാമം.

**സുക്കോത്ത്** യോർദ്ദാൻനദിക്കു കിഴക്കുള്ള ഒരു പട്ടണം.

**സ്മാരകശില** ജനങ്ങളെ എന്തെങ്കിലും പ്രത്യേകമായി ഓർമ്മിപ്പിക്കുന്നതിനു സ്ഥാപിച്ച ഒരു കല്ല്. പ്രാചീന യിസ്രായേലിൽജനങ്ങൾ പലപ്പോഴും വ്യാജദൈവങ്ങളെ ആരാധിക്കാൻ കല്ലുകളിൽ ഇരിക്കാറുണ്ടായിരുന്നു.

**സെബൂലൂൻ** "സ്തുതി," "മഹത്വം" എന്നൊക്കെ അർത്ഥം.

**സ്വന്തം വസ്തു** യിസ്രായേലിൽ കുടുംബങ്ങൾക്കോ ഗോത്രങ്ങൾക്കോ ആണ് സ്ഥലത്തിൻെറ ഉടമസ്ഥാവകാശം. ഒരാൾക്ക് തൻെറ സ്ഥലം വിൽക്കാനാകുമെങ്കിലും ജൂബിലിവർഷത്തിൽ അത് വീണ്ടും ആ കുടുംബത്തിലോ ഗോത്രത്തിലോ വന്നുചേരും.

**സമ്മേളനക്കൂടാരം** യിസ്രായേൽജനത ദൈവവുമായി സമ്മേളിച്ചിരുന്ന വിശുദ്ധകൂടാരം.

**സേരഹ്** "തിളങ്ങുന്ന" എന്നർത്ഥം.

**സാപ്നത്ത് പനേഹ്** "ജീവൻ നിലനിർത്തുന്നവൻ" എന്നാണ് ഈ ഈജിപ്ഷ്യൻ പേരിനർത്ഥം. എന്നാൽ "രഹസ്യങ്ങൾ വിശദീകരിക്കുന്നവൻ" എന്നർത്ഥം വരുന്ന എബ്രായവാക്കിനു തുല്യം.

**സ്മാരകശില(കൾ)**

ജനങ്ങളെ പ്രത്യേകിച്ചെ ന്തെങ്കിലും അനുസ്മരിപ്പിക്കാൻ സ്ഥാപിച്ചിരുന്ന ശിലകൾ. പുരാതന യിസ്രായേലിൽ വ്യാജദൈവങ്ങളെ ആരാധിക്കാൻ ജനങ്ങൾ ഇത്തരം ശിലകൾ സ്ഥാപിച്ചിരുന്നു.

**സോരും സീദോനും** വളരെ ദുഷ്ടരായവർ വസിച്ചിരുന്ന ലെബാനോനിലെ പട്ടണങ്ങൾ.

**സത്യം** എല്ലാ വശ്വാസികളെയും കൂട്ടിച്ചേർക്കുന്നത് യേശുക്രിസ്തുവിനെപ്പറ്റിയുള്ള സത്യമോ സുവിശേഷമോ ആണ്.

**സഹോദരി** ഒന്നാം വചനത്തിലെ വനിതയുടെ സഹോദരി. അത് മറ്റൊരു സ്ത്രീയോ മറ്റൊരു സഭയോ ആകാം.

**സത്യം** വിശ്വാസികളെ ഒരുമിപ്പിക്കുന്ന യേശുക്രിസ്തുവിൻെറ "സുവിശേഷമോ സത്യമോ."

**സംരക്ഷകൻ** മരിച്ചയാളുടെ കുടുംബത്തെപ്പറ്റി പ്രത്യേക താല്പര്യമുള്ള ഒരാളെ സൂചിപ്പിക്കുന്നു. അയാൾ ദരിദ്രകുടുംബാംഗങ്ങളെ വില നൽകി അവരെ അടിമപ്പണിയിൽനിന്നും മോചിപ്പിക്കാറുണ്ട്.

**സീഹോർനദി** നൈൽനദിയുടെ കിഴക്കൻ ശാഖകളിലൊന്നാകാം ഇത്.

**സിരിയോൻ** "സീയോൻ."

**സേയീർ** ഏദോം ദേശത്തിന്റെ മറ്റൊരു പേര്.

**സാക്ഷ്യപെട്ടകം** "കരാറിന്റെപെട്ടകം" എന്നും വിളിക്കപ്പെടുന്നു. യിസ്രായേൽജനത സീനായി മരുഭൂമിയിലായിരുന്നകാലത്ത് ദൈവം അവരോടൊപ്പമുണ്ടായിരുന്നുവെന്നു തെളിയിക്കുന്ന കാര്യങ്ങളും പത്തു കല്പനകൾ രേഖപ്പെടുത്തിയ കല്പലകകളും അടങ്ങിയ ഒരു പെട്ടകമാണിത്.

**സിമ്രി** വളരെവർഷങ്ങൾക്കുമുമ്പ് ഏലാഹിനെയും യിസ്രായേലിൽ ബാശയുടെ കുടുംബത്തെയും വധിച്ചയാളായിരുന്നു സിമ്രി.

**സ്നാനങ്ങൾ** ക്രിസ്തീയ സ്നാനത്തെക്കുറിച്ചോ വെള്ളത്തിൽ മുക്കുക) അല്ലെങ്കിൽ യെഹൂദാചാരപ്രകാരമുള്ള കഴുകലുകളെക്കുറിച്ചോ ആകാം.

**സ്വയം കഴുകി** തന്റെ അശുദ്ധിയിൽനിന്ന് അവൾ സ്വയം ശുദ്ധീകരിച്ചു എന്നർത്ഥം.

**സീയോൻ** യെരൂശലേം ഇരിക്കുന്ന പർവ്വതത്തിന്റെ തെക്കുകിഴക്കുഭാഗം. ദൈവത്തിന്റെജനത യെരൂശലേമിൽ വസിക്കുന്നു എന്നും ചിലപ്പോൾ ഇതിനർത്ഥമുണ്ട്.

**സ്വാതന്ത്ര്യവർഷം** "ജൂബിലി" എന്നും വിളക്കപ്പെടുന്നു. എല്ലാ അൻപതു വർഷം കൂടുമ്പോഴും യിസ്രായേലുകാർ യിസ്രായേലുകാരായ അടിമ കളെ സ്വതന്ത്രരാക്കും. ജനങ്ങൾ ദേശത്തിന്റെ യഥാർത്ഥ ഉടമസ്ഥരായ യിസ്രായേൽകുടുംബത്തിന് ആ ദേശം തിരിച്ചുനൽകുകയും ചെയ്യും.

**സമ്മേളനക്കൂടാരം** യിസ്രായേലുകാർ ദൈവവുമായി സമ്മേളിക്കാൻ പോയിരുന്ന വിശുദ്ധകൂടാരം.

**സാക്ഷ്യപെട്ടകം** പത്തുകല്പനകളെഴുതിയ കല്പലകകളും യിസ്രായേലുകാർ സീനായി മരൂഭൂമിയിലായിരുന്ന കാലത്ത് ദൈവം അവരോടൊപ്പമുണ്ടായിരുന്നെന്നു തെളിയിക്കുന്ന മറ്റു സാധനങ്ങളും അടങ്ങിയ ഒരു പെട്ടകമാണിത്. "കരാറിന്റെ പെട്ടകം" എന്നും ഇതു വിളിക്കപ്പെടുന്നു.

**സുരക്ഷിതത്വത്തിന്റെ നഗരം** ഒരു യിസ്രായേലുകാരൻ ആകസ്മികമായി ഒരാളെകൊന്നാൽ അയാളുടെ ബന്ധുക്കളിൽനിന്നും കൊലയാളിക്കു സുരക്ഷിതമായിരിക്കാനാവുന്ന ഒരു പ്രത്യേകനഗരം. യോശു. 20:1-9 കാണുക.

**സൈപ്രസ്** "എലീശാഹ്" എന്നു വാച്യാർത്ഥം. എൻകോമിക്കോ സൈപ്രസിനോ അടുത്തുള്ള ഒരു സ്ഥലമായിരിക്കാമിത്. അഥവാ ഗ്രീക്കു ദ്വീപുകളുമാകാം.

**സീയോൻ** യെരൂശലേം നിർമ്മിക്കപ്പെട്ടിരിക്കുന്ന പർവ്വതത്തിന്റെ തെക്കേയറ്റം. ദൈവത്തിന്റെജനത യെരൂശലേമിൽ വസിക്കുന്നു എന്നാവാം ഇതിനർത്ഥം.

**സാക്ഷ്യപെട്ടകം** "കരാറിന്റെ പെട്ടകം" എന്നും

**സീയോൻപുത്രി** യെരൂശലേംനഗരത്തിന്റെ പേര്.

**സൊദോം, ഗൊമോറാ** ജനങ്ങൾ തിന്മ ചെയ്തതിനാൽ ദൈവത്താൽ നശിപ്പിക്കപ്പെട്ട നഗരങ്ങൾ. ഉല്പ. 19 കാണുക.

**സെരൂബ്ബാബേൽ** അയാളും ശേശ്ബസ്സാർ എന്നു വിളിക്കപ്പെടാറുണ്ട്.

**സീയോൻ** യെരൂശലേം നിർമ്മിക്കപ്പെട്ടിരിക്കുന്ന പർവ്വതത്തിന്റെ തെക്കുകിഴക്കെ ഭാഗം. ദൈവത്തിന്റെ ജനം യെരൂശലേമിൽ വസിക്കുന്നു എന്നാവും ഇതിനർത്ഥം.

**സ്വർണ്ണച്ചെങ്കോൽ** രാജാവ് തന്റെ കൈയിൽ പിടിക്കുന്ന ഒരു പ്രത്യേക വടി.

**സിര്യോൻ** അഥവാ "ഹെർമ്മോൻപർവ്വതം."

**സൈന്യം** "സൈന്യങ്ങൾ," "ദൂതന്മാർ" അഥവാ "നക്ഷത്രങ്ങളും ഗ്രഹങ്ങളും" എന്നൊക്കെ അർത്ഥം വരാം. "സർവ്വശക്തനായ ദൈവം" എന്നുവിവർത്തനം ചെയ്യപ്പെടുന്ന വാക്കിന്റെ ഭാഗമാണിത്. പ്രപഞ്ചത്തിലെ സകല ശക്തികളുടെയും നിയന്ത്രണം യഹോവയാണെന്ന് ഇതു കാണിക്കുന്നു.

## ഹ

**ഹായി** "അവശിഷ്ടങ്ങൾ" എന്നാണ് ഈ പേരിനർത്ഥം.

**ഹാമോരുകാർ** ശെഖേമിലെ പൗരന്മാരെയാണിതു സൂചിപ്പിക്കുന്നത്. ഉല്പത്തി 34-ലെ കഥയനുസരിച്ച് ഹാമോർ ശെഖേമിന്റെ പിതാവാണ്. ശെഖേം നഗരം ഹാമോരിന്റെ പുത്രന്റെ പേരിലറിയപ്പെടുന്നു എന്നു പറഞ്ഞുവരുന്നു.

**ഹെരോദാവ്** ഹെരോദാവ് ഒന്നാമൻ യെഹൂദ്യയിലെ (മഹാനായ) രാജാവ്, ക്രിസ്തുവിനു മുമ്പ് 40-4 വരെ.

**ഹവ്വാ** "ജീവൻ" എന്നർത്ഥം വരുന്ന എബ്രായവാക്കിനു സമം.

**ഹോശേയ** അഥവാ "യോശുവ."

**ഹോർമ്മാ** "മുഴുവൻ നശിപ്പിച്ചു"എന്നോ "ദൈവത്തിനു നൽകിയ സമ്മാനം" എന്നോ അർത്ഥം. ലേവ്യ. 27:28-29 കാണുക.

**ഹാം** ഹാമിൻെറ പിൻഗാമികളായിരുന്നു ഈജിപ്തുകാർ. ഉല്പ. 10:6-10 കാണുക.

## റ

**റോമാപൗരന്മാർ** വിചാരണയ്ക്കു മുമ്പ് റോമൻ പൗരന്മാരെ മർദ്ദിക്കരുതെന്നു റോമൻ നിയമം പറയുന്നു.

**റെയൂവേൽ** യിത്രോ എന്നും അവൻ വിളിക്കപ്പെട്ടിരുന്നു.


**റാഹേൽ** യാക്കോബിൻെറ ഭാര്യ. ബാബിലോണുമായുള്ള യുദ്ധത്തിൽ കൊല്ലപ്പെട്ട ഭർത്താക്കന്മാരെയും കുട്ടികളെയും കുറിച്ചു വിലപിക്കുന്ന എല്ലാ സ്ത്രീകളും എന്നാണിതിനിവിടെ അർത്ഥം.





Copyright © 2003 by World Bible Translation Center




Copyright © 2003 by World Bible Translation Center






Copyright © 2003 by World Bible Translation Center




Copyright © 2003 by World Bible Translation Center

Copyright © 2003 by World Bible Translation Center






Copyright © 2003 by World Bible Translation Center

# License Agreement for Bible Texts

***World Bible Translation Center***
***Last Updated: September 21, 2006***

Copyright © 2006 by World Bible Translation Center
All rights reserved.

**These Scriptures:**
- Are copyrighted by World Bible Translation Center.
- Are not public domain.
- May not be altered or modified in any form.
- May not be sold or offered for sale in any form.
- May not be used for commercial purposes (including, but not limited to, use in advertising or Web banners used for the purpose of selling online add space).
- May be distributed without modification in electronic form for non-commercial use. However, they may not be hosted on any kind of server (including a Web or ftp server) without written permission. A copy of this license (without modification) must also be included.
- May be quoted for any purpose, up to 1,000 verses, without written permission. However, the extent of quotation must not comprise a complete book nor should it amount to more than 50% of the work in which it is quoted. A copyright notice must appear on the title or copyright page using this pattern: "Taken from the HOLY BIBLE: EASY-TO-READ VERSION™ © 2006 by World Bible Translation Center, Inc. and used by permission." If the text quoted is from one of WBTC's non-English versions, the printed title of the actual text quoted will be substituted for "HOLY BIBLE: EASY-TO-READ VERSION™." The copyright notice must appear in English or be translated into another language. When quotations from WBTC's text are used in non-saleable media, such as church bulletins, orders of service, posters, transparencies or similar media, a complete copyright notice is not required, but the initials of the version (such as "ERV" for the Easy-to-Read Version™ in English) must appear at the end of each quotation.

Any use of these Scriptures other than those listed above is prohibited. For additional rights and permission for usage, such as the use of WBTC's text on a Web site, or for clarification of any of the above, please contact World Bible Translation Center in writing or by email at distribution@wbtc.com.

World Bible Translation Center
P.O. Box 820648
Fort Worth, Texas 76182, USA
Telephone: 1-817-595-1664
Toll-Free in US: 1-888-54-BIBLE
E-mail: info@wbtc.com

**WBTC's web site –** World Bible Translation Center's web site: http://www.wbtc.org

**Order online –** To order a copy of our texts online, go to: http://www.wbtc.org

**Current license agreement –** *This license is subject to change without notice. The current license can be found at:* http://www.wbtc.org/downloads/biblelicense.htm

**Trouble viewing this file –** If the text in this document does not display correctly, use Adobe Acrobat Reader 5.0 or higher. Download Adobe Acrobat Reader from: http://www.adobe.com/products/acrobat/readstep2.html

**Viewing Chinese or Korean PDFs –** To view the Chinese or Korean PDFs, it may be necessary to download the Chinese Simplified or Korean font pack from Adobe. Download the font packs from: http://www.adobe.com/products/acrobat/acrrasianfontpack.html